88. ഇന്ത്യയിലെ ആദ്യത്തെ എഞ്ചിനീയറിങ് കോളേജ് റൂർക്കി (1847)യിലാണ് സ്ഥാപിച്ചത്.
89. ഇന്ത്യയിലെ ആദ്യത്തെ സ്റ്റീൽ പ്ലാന്റ് അയൺ വർക്ക് കമ്പനി 1870–ൽ ബംഗാളിലെ കുൾട്ടിയിൽ സ്ഥാപിച്ചതാണ്.
90. എന്നാൽ വൻതോതിലുള്ള ഉൽപാദനം ആരംഭിച്ചത് ടാറ്റ അയൺ ആന്റ് സ്റ്റീൽ കമ്പനി 1907–ൽ ജംഷഡ്പൂരിൽ പ്രവർത്തനം തുടങ്ങിയതോടെയാണ്.
91. ഇന്ത്യയിലെ ആദ്യത്തെ വിശപ്പുരഹിത നഗരം എന്ന വിശേഷണം സ്വന്തമാക്കിയത് കോഴിക്കോട്.
92. ഇന്ത്യയിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം പാണിനി രചിച്ച അഷ്ടാധ്യായി.
93. ഇന്ത്യയിലെ ആദ്യത്തെ കപ്പൽ നിർമാണശാല സ്ഥാപിച്ചത് വിശാഖപട്ടണത്ത്.
94. ഇന്ത്യയിലെ ആദ്യത്തെ കണ്ടയ്നർ ടെർമിനൽ പദ്ധതിയാണ് വല്ലാർപാടം.
95. ഇന്ത്യയിലെ ആദ്യത്തെ കണ്ടൽ ഗവേഷണ കേന്ദ്രം സ്ഥാപിച്ചത് കൊല്ലം ജില്ലയിലെ ആയിരം തെങ്ങ് എന്ന സ്ഥലത്താണ്.
96. ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപിക്കപ്പെട്ടത് കേരളത്തിലാണ്.
97. തിരുവനന്തപുരത്താണ് ആസ്ഥാനം.
98. ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ വിമാനത്താവളം നെടുമ്പാശ്ശേരിയാണ്.
99. ഇന്ത്യയിലെ ആദ്യത്തെ ജലമ്യൂസിയം സ്ഥാപിച്ചത് കുന്നമംഗലം എന്ന സ്ഥലത്താണ്.
100. ഇന്ത്യയിലെ ആദ്യത്തെ പൊതു തിരഞ്ഞെടുപ്പ് നടന്നത് 1951–52 ലാണ്.
101. ഇന്ത്യയിൽ പാഴ്സി (സൊരാഷ്ട്രമതക്കാർ) അഭയാർഥികൾ ആദ്യമെത്തിയ സ്ഥലമാണ് ഗുജറാത്തിലെ സൻജാം (പാഴ്സികളുടെ ഉദ്ഭവം ഇറാനിലാണ്)
102. ഇന്ത്യയിലാദ്യമായി മെഡിക്കൽ കോളേജ് സ്ഥാപിച്ചത് കൊൽക്കത്തയിലാണ്. ഗവർണർ ജനറൽ വില്യം ബെന്റിക്കാണ് സ്ഥാപിച്ചത്.
103. ഇന്ത്യയിലെ ആദ്യത്തെ മെഡിക്കൽ സർവകലാശാല സ്ഥാപിച്ചത് വിജയവാഡയിൽ (ആന്ധ്രാപ്രദേശ്).
104. ഇന്ത്യയിലെ ആദ്യത്തെ സെൻട്രൽ അഗ്രികൾച്ചർ യൂണിവേഴ്സിറ്റി സ്ഥാപിച്ചത് ഇംഫാലിലാണ്.
105. ഇന്ത്യയിലെ ആദ്യത്തെ ടെലികോം ഇൻകുബേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചത് കളമശ്ശേരിയിലാണ്.
106. ഇന്ത്യയിലെ ആദ്യത്തെ ടീ മ്യൂസിയമാണ് മൂന്നാറിലെ കേരള ടീ മ്യൂസിയം.
107. ഇന്ത്യയിൽആദ്യമായിസ്വകാര്യവൽക്കരിക്കപ്പെട്ട നദിയാണ് ഛത്തിസ്ഗഢിലെ ഷിയോനാഥ് (ഈ നടപടി പിന്നീട് റദ്ദാക്കി).
108. ഇന്ത്യയിലെ ആദ്യത്തെ കമാന അണക്കെട്ടായ ഇടുക്കി ഡാം നിർമിച്ചിരിക്കുന്നത് കാനഡയുടെ സഹായത്തോടെയാണ്.
109. ഇന്ത്യയിലെ ആദ്യത്തെ ശാസ്ത്രനഗരം കൊൽക്കത്തയാണ്.
110. ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ തുറമുഖമാണ് ഗുജറാത്തിലെ പിപവാവ്.
111. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ സാക്ഷര നഗരം കോട്ടയവും(1989) ജില്ല എറണാകുളവും (1990) സംസ്ഥാനം കേരളവുമാണ് (1991).
112. ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യം സ്ഥാപിച്ച വംശം മൗര്യൻമാരാണ്.
113. ഇന്ത്യാ ചരിത്രത്തിലെ ആദ്യ ചക്രവർത്തിയായി കണക്കാക്കുന്നത് ചന്ദ്രഗുപ്ത മൗര്യനെയാണ്.
114. ഇന്ത്യയിലെ ആദ്യത്തെ സ്പോർട്സ് മ്യൂസിയം സ്ഥാപിച്ചത് പാട്യാലയിലാണ്.
115. ഇന്ത്യയിലെ ആദ്യത്തെ ഗരീബ് രഥ് ട്രെയിൻ ഓടിയത് ബീഹാറിലെ സഹർസ മുതൽ പഞ്ചാബിലെ അമൃത്സർ വരെയാണ് (2006 ഒക്ടോബർ 5).
116. ഇന്ത്യയിലെ ആദ്യത്തെ ടെലഗ്രാഫ് ലൈൻ സ്ഥാപിക്കപ്പെട്ടത് കൊൽക്കത്തയ്ക്കും ഡയമണ്ട് ഹാർബറിനും ഇടയ്ക്കാണ്.
117. ഇന്ത്യയിലെ ആദ്യത്തെ തുറമുഖമാണ് ഗുജറാത്തിലെ ലോത്തൽ (സിന്ധു നദീതട സംസ്കാരത്തിന്റെ ഭാഗമായിരുന്നു)
118. ഏകീകൃത സിവിൽ കോഡ് നടപ്പാക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് ഗോവ. (ഏകീകൃത സിവിൽ കോഡിനെപ്പറ്റി പരാമർശിക്കുന്ന ഭരണഘടനാ അനുച്ഛേദം 44)
119. ഇന്ത്യയിലെ ആദ്യത്തെ സൈബർ ഗ്രാമീൺ സെന്റർ സ്ഥാപിക്കപ്പെട്ട സംസ്ഥാനമാണ് ആന്ധ്രപ്രദേശ്. ഇന്ത്യയിലെ ആദ്യത്തെ സൈബർ പൊലീസ് സ്റ്റേഷൻ ബാംഗ്ലൂരിലാണ് സ്ഥാപിച്ചത്.
120. ഇന്ത്യയിലെ ആദ്യത്തെ പോളിയോ വിമുക്ത ജില്ലയാണ് പത്തനംതിട്ട.
121. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് പൂർണമായും ഇലക്ഷൻ നടത്തിയ ആദ്യ ഇന്ത്യൻ സംസ്ഥാന ഗോവയാണ് .
122. കേരളത്തിലാണ് ഏതെങ്കിലുമൊരു മണ്ഡലത്തിൽ ആദ്യമായി ഇ.വി.എം. ഉപയോഗിച്ചത്– 1982 ൽ കേരളത്തിൽ പറവൂർ ഉപതിരഞ്ഞെടുപ്പിൽ.
123. ഇന്ത്യയിലെ ആദ്യത്തെ പോസ്റ്റോഫീസ് ആരംഭിച്ചത് കൊൽക്കത്തയിലാണ്.
124. ഇന്ത്യയിലെ ആദ്യത്തെ സ്റ്റോക്ക് എക്സ്ചേഞ്ച് മുംബൈയിൽ 1875–ൽ സ്ഥാപിതമായി.
125. ദലാൽ തെരുവിലാണ് ആസ്ഥാന മന്ദിരം.
126. ഇന്ത്യയിലാദ്യമായി പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിതമായ തുറമുഖമാണ് ഗുജറാത്തിലെ കാണ്ട്ല.
127. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ മൾട്ടി പർപ്പസ് പ്രോജക്ട് ആണ് ദാമോദർ വാലി കോർപ്പറേഷൻ .
128. യുഎസ്എയിലെ ടെന്നിസി വാലി അതോരിറ്റിയുടെ മാതൃകയിലാണ് ഇത് നിർമിച്ചിരിക്കുന്നത്.
129. ഈ പദ്ധതിയുടെ ഭാഗമായ ആദ്യത്തെ അണക്കെട്ട് ദാമോദറിന്റെ പോഷകനദിയായ ബരാകറിൽ 1953–ൽ നിർമിച്ച തിലയ്യ അണക്കെട്ട് ആണ്.
130. ഇന്ത്യയിലെ ആദ്യത്തെ ദേശീയോദ്യാനമാണ് ഉത്തരാഖണ്ഡിലെ കോർബറ്റ് ദേശീയോദ്യാനം.
131. ഇന്ത്യയിലെ ആദ്യത്തെ വിമാനത്താവളമാണ് മുംബൈയിലെ ജൂഹുവിലെ ഗ്രാസ് എയറോഡ്രോം (1932).
132. ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിത–വ്യവസായ നഗരമാണ് ജംഷഡ്പൂർ.
133. ഇന്ത്യയിലെ ആദ്യത്തെ വിരലടയാള ബ്യൂറോ ആരംഭിച്ച സ്ഥലമാണ് കൊൽക്കത്ത.
134. ആദ്യമായി ഇന്ത്യയിൽനിന്നും വേർപിരിക്കപ്പെട്ട ഭൂവിഭാഗമാണ് ബർമ.
135. 1935–ലെ ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ട് പ്രകാരം 1937–ൽ വേർപിരിക്കപ്പെട്ടു.
136. ഇന്ത്യയിലെ ആദ്യത്തെ നേത്രബാങ്ക് സ്ഥാപിതമായ നഗര കൊൽക്കത്തയാണ്.
137. ഇന്ത്യയിൽ സതി എന്ന ആചാരം സംബന്ധിച്ച് ഏറ്റവും പഴക്കമുള്ള തെളിവ് ലഭിച്ച സ്ഥലമാണ് മധ്യപ്രദേശിലെ ഏറാൻ
138. ഇന്ത്യയിലെ ആദ്യത്തെ നവോദയ സ്കൂൾ സ്ഥാപിക്കപ്പെട്ടത് മഹാരാഷ്ട്രയിൽ നാഗ്പൂരിനടുത്ത് ഖൈരി എന്ന സ്ഥലത്താണ്.
139. ഇന്ത്യയിൽ കോർപ്പറേറ്റ് മേഖലയുടെ സഹകരണത്തോടെ നിർമിച്ച ആദ്യ മേജർ തുറമുഖമാണ് തമിഴ്നാട്ടിലെ എണ്ണൂർ
140. ഇന്ത്യയുടെ ആദ്യത്തെ അന്റാർട്ടിക് എക്സ്പെഡിഷൻ 1981–ൽ പുറപ്പെട്ടത് ഗോവയിൽനിന്നാണ്.
141. അന്റാർട്ടിക്കയിൽ എത്തിയത് 1982–ൽ.
142. ഉപയോഗിച്ച വാഹനം എംവി പോളാർ സർക്കിൾ.
143. ടീമിനെ നയിച്ചത് എസ്.ഇസഡ് കാസിം.
144. ചതുപ്പുനില സംരക്ഷണാർഥമുള്ള റംസാർ കൺവെൻഷൻ പട്ടികയിൽ ഇന്ത്യയിൽനിന്ന് ആദ്യമായി ഉൾപ്പെടുത്തയത് ഒഡിഷയിലെ ചിൽക്ക തടാകം.
145. ഇന്ത്യയിലെ ആദ്യത്തെ മുസ്ലിം രാജവംശം തുർക്കി വംശജരായ അടിമവംശമായിരുന്നു. ഇത് ഇൽബാരി വംശമെന്നും മേമലുക് വംശമെന്നും അറിയപ്പെട്ടു.
146. കുത്തബ്ദ്ദീൻ ഐബക്കാണ് ഇന്ത്യാ ചരിത്രത്തിലെ ആദ്യ മുസ്ലിം ഭരണാധികാരി.
147. ഇന്ത്യാചരിത്രത്തിലെ ആദ്യ അഫ്ഗാൻ വംശം ലോധി വംശമാണ്.
148. ഈ വംശത്തിന്റെ സ്ഥാപകനായ ബഹ്

## വല്ലഭ് ഭായി പട്ടേൽ

697. ഇന്ത്യയിലെ ആദ്യമായി സ്വന്തം റേഡിയോ സ്റ്റേഷൻ സ്ഥാപിച്ച സർവകലാശാല ഏത് നേതാവിന്റെ പേരിൽ അഹമ്മദാബാദിൽ സ്ഥാപിച്ചിരിക്കുന്ന സർവകലാശാലയാണ്
698. മൗലികാവകാശങ്ങളുടെ ശിൽപി എന്നറിയപ്പെടുന്നത്
699. സ്വതന്ത്രഇന്ത്യയുടെ അധികാര കൈമാറ്റരേഖയിൽ ജവാഹർലാൽ നെഹ്റുവിനൊപ്പം ഒപ്പിട്ടത്
700. 1938ലെ കോൺഗ്രസ് സമ്മേളന വേദിയായി ഗുജറാത്തിലെ ഹരിപുര നിർദ്ദേശിച്ച നേതാവ്
701. ഹൈദരാബാദിനെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ച സൈനിക നടപടിയായ ഓപ്പറേഷൻ പോളോയുടെ സമയത്തെ കേന്ദ്ര ആഭ്യന്തരമന്ത്രി
702. ഭരണഘടനാ നിർമാണസഭയിൽ ഈാശലേലെ ീ എൗിറമാലിമേഹ ഞശഴവ േ ന്റെ നേതൃത്വം ആർക്കായിരുന്നു
703. 1931–ലെ കറാച്ചി കോൺഗ്രസ് സമ്മേളനത്തിന്റെ അധ്യക്ഷൻ
704. 1946–ൽ ഭൂരിപക്ഷം പ്രദേശ് കോൺഗ്രസ് കമ്മിറ്റികളും ഇടക്കാല സർക്കാരിന്റെ നേതൃസ്ഥാനത്തേക്ക് പിന്തുണച്ച നേതാവ്



705. ഇന്ത്യൻ ബിസ്മാർക്ക് എന്നറിയപ്പെട്ടത്
706. ഇന്ത്യയുടെ ആദ്യത്തെ ഉപപ്രധാനമന്ത്രി

## ഉത്തർ പ്രദേശ്

707. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജില്ലകൾ ഉള്ള സംസ്ഥാനം
708. ഏറ്റവും കൂടുതൽ അസ്ഥിര സർക്കാരുകൾ അധികാരത്തിൽവന്ന ഇന്ത്യൻ സംസ്ഥാനം.
709. ഇന്ത്യയിൽ ആദ്യമായി ഒരു വനിത മുഖ്യമന്ത്രിയായ സംസ്ഥാനം.
710. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ദേശീയ പാതകൾ കടന്നു പോകുന്ന സംസ്ഥാനം
711. മധ്യദേശം എന്ന പേരിൽ പ്രാചീനകാലത്ത് അറിയപ്പെട്ടിരുന്ന സംസ്ഥാനം
712. ഏറ്റവും കൂടുതൽ പ്രധാനമന്ത്രിമാരെ സംഭാവന ചെയ്ത ഇന്ത്യൻ സംസ്ഥാനം
713. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വർത്തമാന പത്രങ്ങൾ ഉള്ള സംസ്ഥാനം
714. ഗംഗ ഏറ്റവും കൂടുതൽ ദൂരം ഒഴുകുന്ന സംസ്ഥാനം
715. ലോക ജനസംഖ്യ 700 കോടി തികച്ചുകൊണ്ട് നർഗീസ് എന്ന ശിശു ജനിച്ച സംസ്ഥാനം
716. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ ആശുപത്രി സ്ഥാപിക്കപ്പെട്ട ബാരാമതി ഏത് സംസ്ഥാനത്താണ്

ലൂൽ ലോധിയാണ് ഇന്ത്യാ ചരിത്രത്തിലെ അഫ്ഗാൻ വംശജനായ ആദ്യ ഭരണാധികാരി.

149. ഇന്ത്യ അന്റാർട്ടിക്കയിൽ സ്ഥാപിച്ച ആദ്യത്തെ പര്യവേഷണകേന്ദ്രം ദക്ഷിണ ഗംഗോത്രിയും രണ്ടാമത്തേത് മൈത്രിയുമാണ്.
150. ആർട്ടിക് പ്രദേശത്ത് സ്ഥാപിച്ച ആദ്യത്തെ പര്യവേഷണകേന്ദ്രമാണ് ഹിമാദ്രി.
151. ദത്തവകാശ നിരോധന നിയമപ്രകാരം ബ്രിട്ടീഷ് ഇന്ത്യയോടു ചേർത്ത ആദ്യ നാട്ടുരാജ്യമാണ് സത്താറ (ഡൽഹൗസി പ്രഭുവാണ് ദത്തവകാശ നിരോധന നിയമം ആവിഷ്കരിച്ചത്).
152. ഇന്ത്യയിലെ ആദ്യത്തെ, ആസൂത്രിത സംസ്ഥാന തലസ്ഥാനം ചണ്ഡിഗഢാണ്.
153. മൂന്ന് ഭരണഘടകങ്ങളുടെ തലസ്ഥാനമായ ഏക നഗരം എന്ന പ്രത്യേകതയും ചണ്ഡിഗഢിനുണ്ട്.
154. പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശമായ ചണ്ഡിഗഢിന്റെയും ആസ്ഥാനമാണ് ഈ നഗരം.
155. ഇന്ത്യയിലെ ആദ്യത്തെ റോക്ക് ഗാർഡൻ നിർമിച്ചത് ചണ്ഢീഗഡിലാണ്.
156. രാജ്യത്തെ ആദ്യ പുകയില വിമുക്ത നഗരമാണിത്.
157. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യസമ്മേളനത്തിന്റെ (1885 ഡിസംബർ) വേദി മുംബെയിലെ ഗോകുൽദാസ് തേജ്പാൽ സംസ്കൃത കോളേജ് .
158. ആദ്യ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ 72.
159. 1953–ൽ ഇന്ത്യയിലെ ആദ്യത്തെ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനത്തിനു രൂപം നൽകി.
160. കുർണൂൽ തലസ്ഥാനമായി രൂപംകൊണ്ട ഈ സംസ്ഥാനത്തിന്റെ പേര് ആന്ധ്ര എന്നായിരുന്നു.
161. ടി. പ്രകാശമായിരുന്നു ആദ്യത്തെ മുഖ്യമന്ത്രി. 1956–ൽ ഭരണഘടനയുടെ ഏഴാം ഭേദഗതിപ്രകാരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനസ്സംഘടന നടത്തിയപ്പോൾ ഹൈദരാബാദ് പ്രദേശവും ആന്ധ്രയോട് കൂട്ടിച്ചേർക്കുകയും പേര് ആന്ധ്രാപ്രദേശ് എന്നു പരിഷ്കരിക്കുകയും ഹൈദരാബാദിനെ പുതിയ തലസ്ഥാനമാക്കുകയും ചെയ്തു.
162. ഇന്ത്യയിലെ ആദ്യത്തെ പെൺപള്ളിക്കൂടമാണ് കൊൽക്കത്തയിൽ 1789–ൽ ആരംഭിച്ച സെന്റ് തോമസ് ഗേൾസ് സ്കൂൾ.
163. ഇന്ത്യയിലെ ആദ്യത്തെ റെയിൽപ്പാതയാണ് മുംബൈ–താനെ (1853 ഏപ്രിൽ 26). ഇന്ത്യയിലെ ആദ്യത്തെ റെയിൽവേ സ്റ്റേഷൻ ബോറിബന്ദർ (1853).
164. ഇന്ത്യയിലെ ആദ്യത്തെ അണക്കെട്ടാണ് കരികാല ചോളൻ കാവേരിയിൽ നിർമിച്ച കല്ലണൈ.
165. ഇന്ത്യ വികസിപ്പിച്ചെടുത്ത ആദ്യത്തെ സൂപ്പർ കംപ്യൂട്ടറാണ് പരം 10000.
166. ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച ആദ്യ ഇന്ത്യൻ ഭാഷയാണ് തമിഴ് (രണ്ടാമത്തെത് സംസ്കൃതം).
167. പൂർണമായും ഇന്ത്യയിൽ നിർമിച്ച ആദ്യത്തെ യാത്രാവിമാനമാണ് സരസ്സ്.
168. ഇന്ത്യയിലെ ആദ്യത്തെ പാരിസ്ഥിതിക ബഞ്ച് സ്ഥാപിച്ച ഹൈക്കോടതിയാണ് കൽക്കട്ട ഹൈക്കോടതി.
169. ഇന്ത്യയിലെ ആദ്യത്തെ വനിതാ ബിരുദധാരികളാണ് ചന്ദ്രമതി ബസുവും കാദംബിനി ഗാംഗുലിയും(1883).
170. ഇന്ത്യയിലാദ്യമായി ബിരുദാനന്തര ബിരുദം നേടിയ വനിത ചന്ദ്രമതി ബസു.
171. പാശ്ചാത്യ വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ ആദ്യ ഇന്ത്യൻ വനിതകളാണ് കാദംബിനി ഗാംഗുലിയും ആനന്ദിബായി ജോഷിയും (1886).
172. ഇന്ത്യയിലാദ്യമായി നിയമബിരുദം നേടിയ വനിതയാണ് കോർണേലിയ സോറാബ്ജി (1894).
173. ഇന്ത്യയിലെ ആദ്യത്തെ വനിതാ മജിസ്ട്രേറ്റ് ഓമനക്കുഞ്ഞമ്മയാണ്.
174. ഇന്ത്യയിലെ ആദ്യത്തെ വനിതാ ജഡ്ജി മലയാളിയായ അന്നാ ചാണ്ടിയാണ് (1937, തിരുവിതാംകൂർ). ആദ്യമായി ഹൈക്കോടതി ജഡ്ജിയായ വനിതയും അവരാണ് (1959–67, കേരളം).
175. ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാന ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസായത് ലീലാ സേത്ത്. 1991–ൽ ഹിമാചൽ പ്രദേശിൽ.
176. സുപ്രീം കോടതിയിൽ ജഡ്ജിയായ ആദ്യ വനിത ജസ്റ്റിസ് ഫാത്തിമാ ബീവിയാണ് (1989).
177. ഇന്ത്യയിലെ ആദ്യത്തെ വനിത ഐ.എ.എസ്. ഓഫീസർ അന്നാ രാജം മൽഹോത്ര.
178. ആദ്യത്തെ വനിത ഐ.പി.എസ്. ഓഫീസർ കിരൺ ബേദി.
179. ഇന്ത്യയിൽ വനിത ഡിജിപി സ്ഥാനത്തെത്തിയ ആദ്യ സംസ്ഥാനം ഉത്തരാഖണ്ഡാണ്. കാഞ്ചൻ ഭട്ടാചാര്യയാണ് ആ വനിത.
180. ഇന്ത്യയുടെ ആദ്യത്തെ വനിതാ വിദേശ കാര്യ സെക്രട്ടറി ചൊകില അയ്യർ, വനിതാ വിദേശകാര്യ വക്താവ് നിരുപമാ റാവു.
181. ഇന്ത്യയുടെ ആദ്യത്തെ വനിതാ വിദേശകാര്യ മന്ത്രി ലക്ഷ്മി എൻ.മേനോൻ.
182. കേന്ദ്രത്തിൽ ക്യാബിനറ്റ് മന്ത്രിയായ ആദ്യ വനിതയാണ് രാജ്കുമാരി അമൃത് കൗർ.
183. ഭരണഘടനയുടെ 352മത്തെ അനുച്ഛേദം പ്രകാരം ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച ആദ്യ പ്രസിഡന്റ് ഡോ.എസ്.രാധാകൃഷ്ണനാണ്.
184. 1962 ൽ ചൈന ഇന്ത്യ ആക്രമിച്ചതിനെത്തുടർന്ന് ഒക്ടോബർ 26 നാണ് അടിയന്തരാവസ്ഥ നിലവിൽവന്നത്. ജവാഹർലാൽ നെഹ്റുവായിരുന്നു പ്രധാനമന്ത്രി.
185. 1968 ജനവരി പത്തിനാണ് അടിയന്തരാവസ്ഥ അവസാനിച്ചത്. ഡോ. സക്കീർ ഹുസൈനായിരുന്നു അപ്പോൾ രാഷ്ട്രപതി.
186. ഇന്ത്യയിലാദ്യമായി ആഭ്യന്തര അടിയന്തരാവസ്ഥ ഏർപ്പെടുത്തിയ പ്രസിഡന്റ് ഫക്രുദീൻ അലി അഹമ്മദ് ആണ്. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കെ 1975 ജൂൺ 26ന് അടിയന്തരാവസ്ഥ നിലവിൽവന്നു.
187. ഫക്രുദീൻ അലി അഹമ്മദ് പദവിയിലിരിക്കെ അന്തരിച്ചതിനെത്തുടർന്ന് ആക്ടിംഗ് പ്രസിഡന്റായ ബി.ഡി. ജട്ടിയുടെ കാലത്താണ് 1977 മാർച്ച് 21–ന് അടിയന്തരാവസ്ഥ പിൻവലിച്ചത്.
188. 21 മാസമാണ് ആഭ്യന്തര അടിയന്തരാവസ്ഥ നീണ്ടുനിന്നത്.
189. ഇന്ത്യയിലാദ്യമായി ഇന്റർനെറ്റ് കണക്ഷൻ കിട്ടിയ വ്യക്തി ഷമ്മി കപൂറാണ് (1994). ഇന്ത്യയിലെ ആദ്യത്തെ ഇന്റർനെറ്റ് സേവന ദാതാവ് വിദേശ് സഞ്ചാർ നിഗം ലിമിറ്റഡാണ്.
190. ആദ്യ സ്വകാര്യ ഇന്റർനെറ്റ് സേവന ദാതാവ് സത്യം ഇൻഫോവേ.
191. ഇന്ത്യയിലാദ്യമായി വനിതാ മേയർ അധികാരമേറ്റ നഗരമാണ് മുംബൈ (1956). സുലോചനാ മോഡിയാണ് ആ വനിത.
192. കേരളത്തിലെ ആദ്യ വനിതാ മേയറാണ് ഹൈമവതി തായാട്ട് (കോഴിക്കോട്).
193. ഇന്ത്യയിലാദ്യമായി പെൺശിശുഹത്യ പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നത് ജോനാഥൻ ഡങ്കൻ ആണ്.
194. ആധുനിക ഇന്ത്യയിലെ ആദ്യത്തെ മനുഷ്യൻ എന്നു വിശേഷിപ്പിക്കുന്നത് രാജാ റാം മോഹൻ റോയ്.
195. ഇംഗ്ലണ്ട് സന്ദർശിച്ച ആദ്യ ബ്രാഹ്മണനാണ് അദ്ദേഹം.
196. ഇന്ത്യയിലെത്തിയ ആദ്യ വിദേശ സഞ്ചാരിയാണ് മെഗസ്തനീസ്.
197. ചന്ദ്രഗുപ്തമൗര്യന്റെ കാലത്താണ് ഇദ്ദേഹം ഇവിടെ വന്നത്.
198. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ചൈനീസ് സഞ്ചാരിയാണ് ഫാഹിയാൻ.
199. ഗുപ്തഭരണകാലത്താണ് അദ്ദേഹം എത്തിയത്.
200. ഇന്ത്യയിലാദ്യമായി പൈലറ്റ് ലൈസൻസ് നേടിയ വ്യക്തി ജെ.ആർ.ഡി.ടാറ്റയാണ്.
201. ഭാരത രത്നയ്ക്ക് അർഹനായ ആദ്യ വ്യവസായിയും അദ്ദേഹമാണ്.
202. ഇന്ത്യയിൽ രൂപയുടെ മുൻഗാമിയെ അവതരിപ്പിച്ച ഭരണാധികാരിയാണ് ഷേർഷാ.
203. സൂർവംശത്തിലെ ഏറ്റവും പ്രഗല്ഭനായ ഭരണാധികാരിയായ ഇദ്ദേഹത്തിന്റെ ഭരണകാലം 1540–45.
204. ഇന്ത്യയിലെ പ്രഥമ വനിതാസർവകലാശാല സ്ഥാപിച്ചത് ഡി.കെ. കാർവേ ആണ്.
205. മഹർഷി എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട ഇദ്ദേഹമാണ് ഏറ്റവും പ്രായം കൂടിയ ഭാരത രത്ന ജേതാവ്.
206. ഇന്ത്യയിലെ ആദ്യ ബജറ്റ് അവതരണം നടത്തിയ വ്യക്തിയാണ് സർ ജെയിംസ് വിൽസൺ (1860).
207. ഗവർണർ ജനറലിന്റെ കൗൺസിലിൽ ഫിനാൻസ് മെമ്പറായിരുന്നു അദ്ദേഹം.
208. സ്വതന്ത്ര ഇന്ത്യയിൽ ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യത്തെ ധനമന്ത്രി ആർ.കെ. ഷൺമുഖം ചെട്ടിയാണ് .
209. എന്നാൽ, ജനറൽ ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യ ധനമന്ത്രി സി.ഡി.ദേശ്മുഖ് ആണ്.
210. ഇന്ത്യയിലെ ആസൂത്രണ കമ്മീഷന്റെ ആദ്യത്തെ അധ്യക്ഷൻ ജവാഹർലാൽ നെഹ്റുവും ഉപാധ്യക്ഷൻ ഗുൽസരിലാൽ നന്ദയുമായിരുന്നു.
211. ഒന്നാം ധനകാര്യ കമ്മീഷന്റെ അധ്യക്ഷൻ കെ.സി.നിയോഗി ആയിരുന്നു.
212. രാജ്യസഭയുടെ ആദ്യത്തെ അധ്യക്ഷൻ ഡോ. എസ്. രാധാകൃഷ്ണനും ഉപാധ്യക്ഷൻ എസ്.വി.കൃഷ്ണമൂർത്തിയുമാണ്.
213. എൻ.ഗോപാലസ്വാമി അയ്യങ്കാറായിരുന്നു ആദ്യ സഭാനേതാവ്.
214. ഭരണഘടനയുടെ 80–ാം അനുച്ഛേദം പ്രകാരം രാജ്യസഭയിലേക്ക് കല, സാഹിത്യം,ശാസ്ത്രം, സാമൂഹിക സേവനം എന്നീ മേഖലകളിൽനിന്ന് 12 പ്രഗല്ഭരെ രാഷ്ട്രപതിക്ക് നാമനിർദേശം ചെയ്യാം.
215. 1952ൽ ഇപ്രകാരം നാമനിർദ്ദേശംചെയ്ത 12 പ്രഗല്ഭരിൽ ആദ്യ പേര് ഡോ.സക്കീർ ഹുസൈന്റേതായിരുന്നു.
216. രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യ വനിത രുക്മിണി ദേവി അരുണ്ഡേൽ ആണ് (1952). ഇവരാണ് ചെന്നൈയ്ക്കടുത്ത് കലാക്ഷേത്ര സ്ഥാപിച്ചത്.
217. സിനിമാ രംഗത്തുനിന്ന് രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ വ്യക്തി പൃഥ്വിരാജ് കപൂർ ആണ് (1952).
218. നർഗീസ് ദത്താണ് രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ സിനിമാനടി(1980).
219. രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ മുഴുവൻസമയ കായികതാരം സച്ചിൻ ടെൻഡുൽക്കറാണ് (2012).
220. ഇന്ത്യയിലെ ആദ്യ വനിതാ മുഖ്യമന്ത്രി സുചേത കൃപലാനിയാണ്. ആചാര്യ കൃപലാനിയുടെ ഭാര്യയായ അവർ ഉത്തർ പ്രദേശിലാണ് ഈ പദവി വഹിച്ചത്.
221. സ്വാതന്ത്ര്യലബ്ധിയുടെ സമയത്ത് 1947 ആഗസ്ത് 15ന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ വന്ദേമാതരം ആലപിച്ചത് സുചേത കൃപലാനിയാണ്.
222. 1988 ജനവരി 7 മുതൽ 30 വരെ തമിഴ്നാട്ടിൽ മുഖ്യമന്ത്രിയായ ജാനകീ രാമചന്ദ്രനാണ് ദക്ഷിണേന്ത്യൻ സംസ്ഥാനത്ത് മുഖ്യമന്ത്രിയായ ആദ്യ വനിത. എം.ജി. ആറിന്റെ ഭാര്യയായ അവർ അദ്ദേ

## ഉത്തരാഖണ്ഡ്

717. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ അണക്കെട്ടായ തെഹ്രി സ്ഥിതിചെയ്യുന്ന സംസ്ഥാനം
718. കുംഭമേളയുടെ വേദികളിലൊന്നായ ഹരിദ്വാർ ഏത് സംസ്ഥാനത്താണ്
719. യമുന ഉദ്ഭവിക്കുന്ന സംസ്ഥാനം
720. നന്ദാദേവി ദേശീയോദ്യാനം ഏത് സംസ്ഥാനത്താണ്
721. ഇന്ത്യയിലെ മലകളുടെ റാണിയായ മസൂറി സംസ്ഥാനത്താണ്
722. ലോകത്തിന്റെ യോഗ തലസ്ഥാനം എന്നറിയപ്പെടുന്ന ഋഷികേശ് ഏത് സംസ്ഥാനത്താണ്
723. വൈഷ്ണവാരാധനാ കേന്ദ്രമായ ബദരീനാഥ് ഏത് സംസ്ഥാനത്താണ്
724. രാജാജി നാഷണൽ പാർക്ക് ഏത് സംസ്ഥാനത്താണ്
725. പൂക്കളുടെ താഴ്വര ദേശീയോദ്യാനം ഏത് സംസ്ഥാനത്താണ്
726. ഇന്ത്യയിൽ ഐ.എ.എസ്. ഉദ്യോഗസ്ഥർക്കു പരിശീലനം നൽകുന്ന ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ ഏത് സംസ്ഥാനത്താണ്
727. ഇന്ത്യയിലെ ആദ്യത്തെ ദേശീയോദ്യാനം (കോർബറ്റ്) സ്ഥിതിചെയ്യുന്ന സംസ്ഥാനം
728. ശൈവാരാധനാ കേന്ദ്രമായ കേദാർനാഥ് ഏത് സംസ്ഥാനത്താണ്
729. ഏഷ്യയിലെ ഏറ്റവും പഴക്കമുള്ള എഞ്ചിനീയറിങ് കോളേജ്(റൂർക്കി) ഏത് സംസ്ഥാനത്താണ്

ഹത്തിന്റെ മരണത്തെത്തുടർന്നാണ് മുഖ്യമന്ത്രിയായത്.

223. ഇന്ത്യയിൽ സംസ്ഥാനഗവർണറായ ആദ്യ വനിത സരോജിനി നായിഡു.
224. ദക്ഷിണേന്ത്യയിലെ ആദ്യ വനിതാ ഗവർണർ ശാരദാ മുഖർജി.
225. ഇന്ത്യയിലെ ആദ്യത്തെ ധനതത്ത്വശാസ്ത്രചിന്തകൻ എന്നറിയപ്പെടുന്നത് ദാദാഭായ് നവറോജിയാണ്.
226. ബ്രിട്ടീഷ് പാർലമെന്റിന്റെ അധോസഭയായ ഹൗസ് ഓഫ് കോമൺസിൽ അംഗമായ ആദ്യ ഇന്ത്യക്കാരനാണദ്ദേഹം.
227. ഉപരിസഭയായ ഹൗസ് ഓഫ് ലോർഡ്സിൽ അംഗമായ ആദ്യ ഇന്ത്യക്കാരൻ എസ്.പി.സിൻഹ.
228. ഇന്ത്യയിലെ ആദ്യത്തെ നിയമദാതാവായ മനുവാണ് മനുസ്മൃതി എന്ന നിയമസംഹിതയുടെ ഉപജ്ഞാതാവ്.
229. രാജിവച്ച ആദ്യ പ്രധാനമന്ത്രി മൊറാർജി ദേശായി. രാജിവച്ച ആദ്യ ഉപപ്രധാനമന്ത്രിയും അദ്ദേഹമാണ്.
230. ഡൽഹിക്കുപുറത്ത് (അഹമ്മദാബാദിൽ) സംസ്കരിക്കപ്പെട്ട ആദ്യ പ്രധാനമന്ത്രിയാണദ്ദേഹം.
231. ഇന്ത്യയിലെ ആദ്യത്തെ വധിക്കപ്പെട്ട മുഖ്യമന്ത്രി പഞ്ചാബിലെ ബിയാന്ത് സിങ്.
232. വധിക്കപ്പെട്ട ആദ്യ കേന്ദ്രമന്ത്രി എൽ എൻ മിശ്ര.
233. പ്രധാനമന്ത്രി പദം വഹിച്ചവരിൽ വധിക്കപ്പെട്ടവർ ഇന്ദിരാഗാന്ധിയും (1917–1984) രാജീവ് ഗാന്ധിയും(1944–1991). രാജീവ് ഗാന്ധി പദവിലിരിക്കെയല്ല വധിക്കപ്പെട്ടത്.
234. ഇന്ത്യയിലെ ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശു ദുർഗയാണ്.
235. ദക്ഷിണാഫ്രിക്കയിൽ പോകാൻ യോഗ്യത നേടിയ ആദ്യത്തെ ഇന്ത്യൻ ബാരിസ്റ്റർ ഗാന്ധിജിയാണ്.
236. ലോകസുന്ദരിപ്പട്ടം സ്വന്തമാക്കിയ ആദ്യ ഇന്ത്യക്കാരി റീത്ത ഫരിയ (1966).
237. ഇന്ത്യയിൽനിന്ന് ആദ്യമായി വിശ്വസുന്ദരിപ്പട്ടം നേടിയത് സുസ്മിത സെൻ (1994).
238. ഭൗമ സുന്ദരിമൽസരത്തിൽ ഒന്നാമതെത്തിയ ആദ്യ ഇന്ത്യക്കാരി നിക്കോൾ ഫരിയ (2010).
239. സ്വതന്ത്രഇന്ത്യയുടെ ആദ്യത്തെ ഫീൽഡ് മാർഷലാണ് എസ്.എച്ച്.എഫ്.ജെ. മനേക്ഷാ.
240. ഇന്ത്യയിലെ ആദ്യത്തെ പോർച്ചുഗീസ് വൈസ്രോയിയായിരുന്നു ഡി അൽമേഡ. രണ്ടാമത്തേത് അൽബുക്കർക്
241. ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രി മൊറാർജി ദേശായിയും ഉപപ്രധാനമന്ത്രി ചരൺസിംഗുമാണ്.
242. ഇന്ത്യ ആക്രമിച്ച ആദ്യത്തെ യൂറോപ്യൻ അലക്സാണ്ടറാണ് (ബി.സി.327–326).
243. ഇന്ത്യ ആക്രമിച്ച ആദ്യ മുസ്ലിം മുഹമ്മദ് ബിൻ കാസിമാണ് (എ.ഡി.712).
244. ഇന്ത്യയിലെത്തിയ ആദ്യത്തെ ബ്രിട്ടീഷ് സഞ്ചാരിയാണ് മാസ്റ്റർ റാൽഫ് ഫിച്ച്.
245. ഫ്രഞ്ച് സർക്കാരിന്റെ ഷെവലിയർ പുരസ്കാരം നേടിയ ആദ്യത്തെ ഇന്ത്യക്കാരനാണ് ശിവാജി ഗണേശൻ.
246. ഇംഗ്ളീഷ് ചാനൽ നീന്തിക്കടന്ന ആദ്യത്തെ ഇന്ത്യക്കാരനാണ് മിഹിർസെൻ.
247. ഇന്ത്യയിൽ കാലാവധി തികച്ച ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രി എ.ബി. വാജ്പേയിയാണ്.
248. വീണ്ടും അധികാരത്തിലെത്തിയ ഏക കോൺഗ്രസിതര പ്രധാനമന്ത്രിയും അദ്ദേഹമാണ്.
249. ഇന്ത്യയിൽ പദവിയിലിരിക്കെ അന്തരിച്ച ആദ്യ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവും (1964) പ്രസിഡന്റ് സക്കീർ ഹുസൈനുമാണ് (1969).
250. പദവിയിലിരിക്കെ അന്തരിച്ച ആദ്യ കേന്ദ്ര മന്ത്രി സർദാർ പട്ടേലാണ് (1950). പദവിയിലിരിക്കെ അന്തരിച്ച ഉപപ്രധാനമന്ത്രിയാണദ്ദേഹം.
251. പദവിയിലിരിക്കെ അന്തരിച്ച ആദ്യത്തെ ഇന്ത്യൻ വൈസ് പ്രസിഡന്റ് കൃഷൻകാന്ത്.
252. പദവിയിലിക്കെ അന്തരിച്ച ആദ്യത്തെ ലോക്സഭാ സ്പീക്കർ ജി.വി.മാവ്ലങ്കർ.
253. രാജിവച്ച ആദ്യ കേന്ദ്രമന്ത്രി ആർ.കെ. ഷൺമുഖം ചെട്ടിയാണ്.
254. ലോക്സഭയിലെ ആദ്യത്തെ അംഗീകൃത പ്രതിപക്ഷ നേതാവ് രാംസുഭഗ് സിംഗ്.
255. ലോക്സഭയിൽ ക്യാബിനറ്റ് പദവിയോടെ പ്രതിപക്ഷനേതാവായ ആദ്യ വ്യക്തി വൈ.ബി.ചവാൻ.
256. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് രാജാവ് ജോർജ് അഞ്ചാമൻ (1911).
257. ഇന്ത്യ സന്ദർശിച്ച ആദ്യത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ഹാരോൾഡ് മാക്മില്ലൻ.
258. ഫോർമുല വൺ കാറോട്ട മൽസരത്തിൽ മൽസരിക്കാൻ അർഹനായ ആദ്യത്തെ ഇന്ത്യക്കാരനാണ് നാരായൺ കാർത്തികേയൻ.
259. ഇന്ത്യയിൽ സംസ്ഥാന നിയമസഭയിൽ പ്രതിപക്ഷനേതാവായ ആദ്യ വനിതയാണ് തമിഴ്നാട്ടിലെ ജയലളിത (1989).
260. കേന്ദ്രമന്ത്രിസഭയിൽ അംഗമായ ആദ്യത്തെ കമ്യൂണിസ്റ്റ് ഇന്ദ്രജിത് ഗുപ്തയാണ്.
261. ലോക്സഭാസ്പീക്കറായ ആദ്യ കമ്യൂണിസ്റ്റ് സോമനാഥ് ചാറ്റർജിയാണ്.
262. ഇന്ത്യയിലെ ആദ്യ വനിതാപ്രധാനമന്ത്രിയായ ഇന്ദിരാഗാന്ധി ലോകചരിത്രത്തിലെ രണ്ടാമത്തെ വനിതാ പ്രധാനമന്ത്രിയാണ്.
263. ഇന്ത്യയുടെ ഉരുക്കുവനിത എന്ന അപരനാമത്തിലറിയപ്പെട്ട ഇന്ദിരയാണ് ഭാരത രത്നയ്ക്ക് അർഹയായ ആദ്യ വനിത (1971).
264. ലോക്സഭയിൽ പ്രതിപക്ഷനേതാവായ ആദ്യ വനിത സോണിയ ഗാന്ധിയാണ്. രണ്ടാമത്തേത് സുഷമാ സ്വരാജ്
265. ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധ്യക്ഷയായ ആദ്യ വനിത ആനിബസന്റ്.
266. ഈ പദവി വഹിച്ച ആദ്യ ഇന്ത്യൻ വനിത സരോജിനി നായിഡു.
267. സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് അധ്യക്ഷയായ ആദ്യ വനിത ഇന്ദിരാ ഗാന്ധി.
268. സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് അധ്യക്ഷയായ ഏക യൂറോപ്യൻ വംശജയാണ് സോണിയാ ഗാന്ധി.
269. ഇന്ത്യക്കാരനല്ലാത്ത ആദ്യത്തെ കോൺഗ്രസ് പ്രസിഡന്റ് ജോർജ് യൂൾ .
270. പിതൃഹത്യ നടത്തിയ ഇന്ത്യാചരിത്രത്തിലെ ആദ്യത്തെ രാജാവ് അജാതശത്രുവാണ്.
271. പിതാവ് ബിംബിസാരനെ വധിച്ചാണ് അദ്ദേഹം മഗധ സിംഹാസനം കൈയടക്കിയത്.
272. മതത്തെ രാഷ്ട്രീയത്തിൽനിന്നു വേർപെടുത്തിയ ആദ്യത്തെ ഇന്ത്യൻ ഭരണാധികാരി അലാവുദ്ദീൻ ഖിൽജിയാണ്.
273. ഇസ്ലാമിക ദൈവശാസ്ത്രത്തിന്റെ വക്താക്കളായ ഉലേമകൾ എന്ന പണ്ഡിതസമൂഹത്തിന്റെ ഉപദേശങ്ങൾ അവഗണിച്ച ആദ്യത്തെ ഡൽഹി സുൽത്താൻ അദ്ദേഹമാണ്.
274. യുദ്ധത്തിന് റോക്കറ്റുപയോഗിച്ച ആദ്യത്തെ ഇന്ത്യൻ ഭരണാധികാരി മൈസൂറിലെ ടിപ്പു സുൽത്താനാണ്.
275. ടെസ്റ്റ് ക്രിക്കറ്റ് കളിച്ച ആദ്യത്തെ ഇന്ത്യാക്കാരൻ രഞ്ജിത് സിങ്ജിയാണ്.
276. ബുദ്ധമതത്തിലെ ആദ്യത്തെ സന്യാസിനിയാണ് ഗൗതമി പ്രജാപതി. ബുദ്ധന്റെ വളർത്തമ്മയാണവർ.
277. ഇന്ത്യൻ സംസ്ഥാനത്ത് മുഖ്യമന്ത്രിസ്ഥാനത്തെത്തിയ ആദ്യ സിനിമാ നടനാണ് എം ജി രാമചന്ദ്രൻ (തമിഴ്നാട്).
278. ഭാരത രത്ന ബഹുമതിയിലൂടെ ആദരിക്കപ്പെട്ട ആദ്യ സിനിമാതാരമാണദ്ദേഹം (തമിഴ്നാട് മുഖ്യമന്ത്രിയെന്ന നിലയിൽ ശ്രീലങ്കൻ അഭയാർഥി പ്രശ്നം കൈകാര്യംചെയ്തതിലുള്ള ഭരണപ്രാഗല്ഭ്യമാണ് അദ്ദേഹത്തെ ബഹുമതിക്ക് അർഹനാക്കിയത്).
279. സംഗീത ലോകത്തുനിന്നും ആദ്യമായി ഭാരതരത്നയ്ക്ക് അർഹത നേടിയത് കർണാടക സംഗീതത്തിന്റെ വാനമ്പാടി എന്നറിയപ്പെട്ട എം.എസ്.സുബ്ബലക്ഷ്മിയാണ്(1998).
280. എന്നാൽ ഭാരതരത്ന നേടിയ ആദ്യത്തെ ഉപകരണസംഗീതവിദഗ്ധൻ സിതാർ വാദകനായ പണ്ഡിറ്റ് രവിശങ്കർ (1999)ആണ്.
281. ഇന്ത്യൻ സംസ്ഥാനത്ത് മുഖ്യമന്ത്രിയായ ആദ്യ സന്ന്യാസിനിയാണ് മധ്യപ്രദേശിൽ ഭരണസാരഥിയായ ഉമാഭാരതി.
282. ഓൾ ഇന്ത്യാ കിസാൻ സഭയുടെ ആദ്യത്തെ പ്രസിഡന്റായത് സഹജാനന്ദ് സരസ്വതി (1936).
283. എ.ഐ.ടി.യു.സിയുടെ ആദ്യ പ്രസിഡന്റായത് ലാലാ ലജ്പത് റായി (1920).
284. ഐ.എൻ.ടി.യു.സിയുടെ ആദ്യ പ്രസിഡന്റ് എസ്.സി.ബാനർജി (1947).
285. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ പ്രസിഡന്റ് ഡബ്ല്യു സി ബാനർജി, ആദ്യത്തെ ജനറൽ സെക്രട്ടറി എ.ഒ.ഹ്യൂം.
286. ഇന്ത്യക്ക് വേണ്ടി ഒരു ഒളിമ്പിക്സ് മെഡൽ ആദ്യമായി നേടിയത് നോർമൻ പ്രിറ്റ്ചാർഡ് (1900– ഓട്ടമൽസരം).
287. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ വ്യക്തിഗത ഒളിമ്പിക് മെഡൽ ജേതാവ് ഖസബാ യാദവ് (1952–200 മീറ്റർ ഹർഡിൽസ്, 200 മീ. ഓട്ടം).
288. ഒളിമ്പിക് മെഡൽ നേടിയ ആദ്യ ഇന്ത്യക്കാരി കർണം മല്ലേശ്വരി (2000–ഭാരദ്വഹനം).
289. സ്വതന്ത്ര ഇന്ത്യ മെഡൽ നേടിയ ആദ്യ ഒളിമ്പിക് ഇനം ഹോക്കി (1948).
290. ഒളിമ്പിക്സിൽ സ്വർണമെഡൽ നേടിയ ആദ്യ ഇന്ത്യക്കാരൻ അഭിനവ് ബിന്ദ്ര (2008–ഷൂട്ടിംഗ്).
291. ഇന്ത്യയിൽ ആദ്യമായി ഭൂദാന പ്രസ്ഥാനത്തിന് വിനോബാ ഭാവെ (വിനായക് നരഹരി ഭാവെ എന്ന് യഥാർഥ പേര്) തുടക്കം കുറിച്ച സ്ഥലമാണ് ആന്ധ്രപ്രദേശിലെ പോച്ചംപള്ളി (1951).
292. ഭൂദാന പ്രസ്ഥാനത്തിന് ഭൂമി ദാനം ചെയ്ത ആദ്യ വ്യക്തി രാമചന്ദ്ര റെഡ്ഡി.
293. ഇന്ത്യയിലെ ആദ്യത്തെ തപാൽ സ്റ്റാമ്പ് (സിന്ധ് ഡാക്ക്) പുറത്തിറക്കപ്പെട്ട നഗരം കറാച്ചിയാണ്.
294. ഇന്ത്യയുടെ തപാൽ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ വ്യക്തി വിക്ടോറിയ റാണി.
295. സ്വതന്ത്ര ഇന്ത്യയിലെ തപാൽ സ്റ്റാമ്പിൽ ചിത്രം അച്ചടിക്കപ്പെട്ട ആദ്യ വ്യക്തി മഹാത്മാഗാന്ധി.
296. സ്വതന്ത്ര ഇന്ത്യയുടെ സ്റ്റാമ്പിൽ അച്ചടിക്കപ്പെട്ട ആദ്യ ചിത്രം ഇന്ത്യൻ ദേശീയ പതാക.
297. ഇന്ത്യയിലെ ആദ്യ ആധുനിക സർവകലാശാലയാണ് കൽക്കട്ട സർവകലാശാല.
298. കാനിംഗ് പ്രഭു ഗവർണർ ജനറലായിരിക്കെയാണ് ഇത് സ്ഥാപിതമായത് (1857).
299. ആദ്യ ചാൻസലർ കാനിംഗ് പ്രഭു. James William Colvile ആണ് ആദ്യ വൈസ് ചാൻസലർ.
300. ഈ പദവിയിലെത്തിയ ആദ്യ ഇന്ത്യക്കാരൻ ഗുരുദാസ് ബാനർജിയാണ് (1890–92).
301. ഐ.എസ്.ആർ.ഒ.യുടെ ആദ്യ ചെയർമാൻ വിക്രം സാരാഭായി.
302. പ്രസാർ ഭാരതി ബോർഡിന്റെ ആദ്യത്തെ ചെയർമാൻ നിഖിൽ ചക്രവർത്തി.
303. ആദ്യത്തെ മൂന്നു ടെസ്റ്റുമാച്ചുകളിലും സെഞ്ചുറി അടിച്ച ഇന്ത്യൻ ക്രിക്കറ്ററാണ് മുഹമ്മദ് അസറുദ്ദീൻ.
304. ഇന്ത്യയിൽ മുഖ്യമന്ത്രിസ്ഥാനത്തെത്തിയ ആദ്യത്തെ ഐ.എ.എസുകാരനാണ് അജിത് ജോഗി (ഛത്തിസ്ഗഢ്).
305. എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഏക രാഷ്ട്രപതിയാണ് നീലം സഞ്ജീവ റെഡ്ഡി.
306. എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഉപരാഷ്ട്രപതിയാണ് ഡോ.എസ്.രാധാകൃഷ്ണൻ.
307. നൊബേൽ ജേതാവായ ആദ്യ ഭാരതീയൻ രബീന്ദ്രനാഥ് ടാഗോർ (1913,സാഹിത്യം).
308. ശാസ്ത്രവിഷയത്തിൽ നൊബേലിനർഹനായ ആദ്യ ഭാരതീയൻ സി.വി.രാമൻ (1930,ഭൗതികശാസ്ത്രം ).
309. സ്വതന്ത്ര ഇന്ത്യയിൽ ജനിച്ചവരിൽ ആദ്യമായി ഭാരതരത്നത്തിന് അർഹനായത് വെങ്കട്രാമൻ രാമകൃഷ്ണൻ (2009, രസതന്ത്രം).
310. റിക്കോർഡുകൾ വിൽക്കുന്നതിന് റോയൽറ്റി ലഭിച്ച ആദ്യത്തെ ഇന്ത്യക്കാരനാണ് ടാഗോർ.
311. ഇന്ത്യാചരിത്രത്തിലെ ആദ്യത്തെ ബ്രിട്ടീഷ് ഗവർണർ ജനറൽ വാറൻ ഹേസ്റ്റിങ്സ് ആയിരുന്നു.
312. ഗവർണർ ജനറൽ ഓഫ് ബംഗാൾ എന്നായിരുന്നു അദ്ദേഹത്തിന്റെ ഔദ്യോഗിക പദവി.
313. 1773–ലെ റഗുലേറ്റിംഗ് ആക്ട് പ്രകാരമാണ് അദ്ദേഹം ആ പദവിയിൽ നിയമിതനായത്.
314. പിൽക്കാലത്ത് ഗവർണർ ജനറൽ ഓഫ് ബംഗാൾ എന്നത് ഗവർണർ ജനറൽ ഓഫ് ബ്രിട്ടീഷ് ഇന്ത്യ എന്നു പരിഷ്കരിച്ചു(1833).
315. ഗവർണർ ജനറൽ ഓഫ് ബ്രിട്ടീഷ് ഇന്ത്യ എന്ന സ്ഥാനപ്പേരോടെ ഇന്ത്യ ഭരിച്ച ആദ്യ വ്യക്തി വില്യം ബെന്റിക് പ്രഭുവാണ്.
316. കാനിങ് പ്രഭു ഗവർണർ ജനറലായിരിക്കെയാണ് 1857 ൽ കലാപം നടന്നത്.
317. തുടർന്ന് ഇന്ത്യയുടെ ഭരണം ഈസ്റ്റിന്ത്യാക്കമ്പനിയിൽനിന്ന് ബ്രിട്ടീഷ് രാജ്ഞി നേരിട്ട് ഏറ്റെടുക്കുകയും രാജ്ഞിയുടെ പ്രതിനിധിയെന്ന നിലയിൽ ഭരണനിർവഹണം നടത്തുന്നതിന് വൈസ്രോയിയെ നിയമിക്കുകയും ചെയ്തു. അങ്ങനെ കാനിങ് പ്രഭു ആദ്യ വൈസ്രോയിയാകുകയും ചെയ്തു.
318. 1947ലെ ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട് പ്രകാരം ഇന്ത്യ സ്വതന്ത്രമായപ്പോൾ അന്ന് വൈസ്രോയിയായിരുന്ന (1947 മാർച്ച് 13– 1947 ആഗസ്ത്14) മൗണ്ട്ബാറ്റൺ പ്രഭു സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ ഗവർണർ ജനറലായി (1947 ആഗസ്ത്15– 1948 ജൂൺ20).
319. തുടർന്ന് അദ്ദേഹം സ്ഥാനമൊഴിഞ്ഞപ്പോൾ സി.രാജഗോപാലാചാരി ഗവർണർ ജനറലായി (1948 ജൂൺ21).
320. 1950 ജനവരി 26ന്ഭരണഘടന നിലവിൽ വന്നതോടെ ഗവർണർ ജനറൽ പദവി ഇല്ലാതായി.
321. അങ്ങനെ സി.രാജഗോപാലാചാരിക്ക് സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെയും അവസാനത്തെയും ഇന്ത്യക്കാരനായ ഗവർണർ ജനറലെന്ന പദവി സ്വന്തമായി.
322. ചെസിൽ ലോക കിരീടം നേടിയ ആദ്യ ഇന്ത്യക്കാരൻ വിശ്വനാഥൻ ആനന്ദാണ്.
323. യുദ്ധക്കപ്പൽ, യുദ്ധവിമാനം എന്നിവയിൽ യാത്ര ചെയ്ത ആദ്യ ഇന്ത്യൻ പ്രസിഡന്റ് എ.പി.ജെ. അബ്ദുൾ കലാമാണ്.
324. ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ടുചെയ്ത ആദ്യ ഇന്ത്യൻ പ്രസിഡന്റ് കെ. ആർ.നാരായണൻ.
325. അസംബ്ലി തിരഞ്ഞെടുപ്പിൽ വോട്ടുചെയ്ത ആദ്യ ഇന്ത്യൻ പ്രസിഡന്റ് എ. പി.ജെ. അബ്ദുൾ കലാം.

# തിരുവിതാംകൂർ രാജാക്കൻമാർ-3

## ബാലരാമവർമ (1798-1810)

326. ധർമരാജാവിനുശേഷം അധികാരത്തിൽ വരുമ്പോൾ ബാലരാമവർമയ്ക്കു 16 വയസ്സായിരുന്നു പ്രായം.
327. അശക്തനും അപ്രാപ്യനുമായ ഭരണാധികാരിയായിരുന്നു അദ്ദേഹമെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നു.
328. രാജ്യഭരണം ദുർഘടഘട്ടത്തിലായി. ജയന്തൻ ശങ്കരൻ നമ്പൂതിരി, ശങ്കരനാരായരൻ ചെട്ടി, മാത്തൂത്തരകൻ എന്നിവർ ചേർന്നുണ്ടായ ഒരു ഉപജാപകസംഘത്തിന്റെ കൈയിലായി ഭരണം.
329. സ്വാർഥതാൽപര്യ സംരക്ഷണാർഥം അവർ കൈക്കൊണ്ട നടപടികൾ പൊതുജനക്ഷേമത്തിന് പ്രതിലോമകരമായി ത്തീർന്നു.
330. ശൂന്യമായ ഖജനാവു നിറയ്ക്കാൻ പ്രധാന വ്യക്തികളിൽനിന്ന് നിർബന്ധിതമായി പണം കടംവാങ്ങുകയുംചെയ്തു. തലക്കുളം കാര്യക്കാരായിരുന്ന വേലുത്തമ്പിയോട് പണം കടംവാങ്ങിയത് കാര്യങ്ങൾ കീഴ്മേൽ മറിച്ചു.
331. ഉപജാപകസംഘത്തിനെതിരെ ജനകീയ പ്രക്ഷോഭണം സംഘടിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചു.
332. നാഞ്ചിനാട്ടിൽനിന്ന് ആയിരക്കണക്കിന് പ്രക്ഷോഭകാരികൾ വേലുത്തമ്പിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തെത്തി.
333. ജനദ്രോഹികളായ മൂവർസംഘത്തെ നിഷ്കാസനംചെയ്ത് അവർക്ക് ഉചിതമായ ശിക്ഷ നൽകുന്നതിന് പ്രക്ഷോഭകാരികൾ രാജാവിനെ നിർബന്ധിതനാക്കി.
334. പ്രക്ഷോഭം നയിച്ച ചിറയിൻകീഴ് ചെമ്പകരാമൻപിള്ളും തലക്കുളത്തു വേലുത്തമ്പിയും യഥാക്രമം വലിയ സർവാധികാര്യക്കാരായും മുളകുമടിശ്ശീല കാര്യക്കാരായും (വാണിജ്യമന്ത്രി) നിയമിക്കപ്പെട്ടു.
335. 1801ൽ റസിഡന്റ് മെക്കാളെയുടെ അംഗീകാരത്തോടുകൂടി രാജാവ് വേലുത്തമ്പിയെ ദളവയാക്കി നിയമിച്ചു.
336. 1809 വരെ തിരുവിതാംകൂർ ദളവാപട്ടം അലങ്കരിച്ച വേലുത്തമ്പിക്ക് കേരളചരിത്രത്തിലെ ധീരദേശാഭിമാനികൾക്കിടയിൽ സമുന്നതസ്ഥാനമാണുള്ളത്.
337. 1795ലെ തിരുവിതാംകൂർ-ബ്രിട്ടീഷ് സഖ്യംമൂലം രാജ്യത്തിന്റെ പരമാധികാരം അടിയറവയ്ക്കപ്പെട്ടിരുന്നു.
338. നയപരമായ എല്ലാക്കാര്യങ്ങളിലും ബ്രിട്ടീഷ് റസിഡന്റുമായി ആലോചിക്കേണ്ട സ്ഥിതിവന്നു.
339. ഈ സാഹചര്യത്തിൽ ഭരണമേറ്റ വേലുത്തമ്പിക്ക് ഒട്ടേറെ വിഷയഘട്ടങ്ങളെ അതിജീവിക്കേണ്ടിവന്നു.
340. ജനക്ഷേമകരമായ പല പരിഷ്കാരങ്ങളും വേലുത്തമ്പി നടപ്പാക്കി.
341. അഴിമതിക്കാരും സത്യസന്ധരല്ലാത്തവരുമായ ഉദ്യോഗസ്ഥരെ പിരിച്ചുവിട്ട് അദ്ദേഹം ഭരണരംഗം ശുദ്ധീകരിച്ചു.
342. പുതിയൊരു സർവേ നടത്തി ഭൂമിവിസ്തീർണം നിജപ്പെടുത്തിയ അദ്ദേഹം നികുതിവിഭാഗം പുനസ്സംഘടിപ്പിക്കുകയും നികുതിയുടെ കൃത്യമായ സംഭരണം ഉറപ്പുവരുത്തുകയും ചെയ്തു.
343. ഇതുമൂലം ഭൂനികുതിയിനത്തിൽ സാരമായ വർധനവുണ്ടായി.
344. രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയും മെച്ചപ്പെട്ടു. വ്യാവസായികകാര്യങ്ങളിൽ അദ്ദേഹം പ്രത്യേക ശ്രദ്ധപതിപ്പിച്ചു. വ്യവസായ പുരോഗതിക്കായി ഗതാഗതസൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി.
345. പട്ടണങ്ങളുടെ വികസനത്തിലും അദ്ദേഹം ശ്രദ്ധിച്ചു.
346. തിരുവനന്തപുരം നഗരം നന്നാക്കി. കോട്ടയ്ക്കകത്തെ അസംബ്ലി ഹാൾ ഉൾപ്പെടെ നിരവധി സർക്കാർ കെട്ടിടങ്ങൾ നിർമിച്ച് തലസ്ഥാനനഗരത്തിന്റെ പ്രൗഢി കൂട്ടി.
347. കൊല്ലത്ത് ഹജൂർകച്ചേരി സ്ഥാപിക്കുകയും പുതിയ കമ്പോളങ്ങൾ നിർമിക്കുകയും മറ്റു സ്ഥലങ്ങളിൽനിന്ന് വ്യാപാരികളെ ക്ഷണിച്ചുവരുത്തി കച്ചവടസൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു.
348. ആലപ്പുഴ നഗരത്തിന്റെയും തുറമുഖത്തിന്റെയും വികസനത്തിലും വേലുത്തമ്പി വളരെ താൽപര്യം കാണിച്ചു.
349. വ്യവസായനഗരത്തെ പല ദിക്കുകളുമായി ബന്ധപ്പെടുന്ന തരത്തിൽ ധാരാളം റോഡുകൾ അദ്ദേഹം നിർമിച്ചു.
350. ചങ്ങനാശ്ശേരിയിലും തലയോലപ്പറമ്പിലും ആലങ്ങാട്ടും ഓരോ വലിയ കമ്പോളം സ്ഥാപിച്ചു.
351. ആലപ്പുഴയുടെ വടക്കുഭാഗത്തായി ചില തുരുത്തുകളിലുണ്ടായിരുന്ന മുൾക്കാടുകൾ നശിപ്പിച്ച് ആ സ്ഥലം കൃഷിയോഗ്യമാക്കിയത് ഇദ്ദേഹമാണ്.
352. ഈ രീതിയിൽ വിജയകരമായി ഭരണം നടത്തിക്കൊണ്ടിരുന്നപ്പോൾ വേലുത്തമ്പിക്ക് അഭിമുഖീകരിക്കേണ്ടിവന്ന ഒരു പ്രശ്നം ബ്രിട്ടീഷ് ഗവൺമെന്റിന് കൊടുക്കാനുണ്ടായിരുന്ന കപ്പക്കുടിശ്ശികയായിരുന്നു.
353. ഭരണച്ചെലവു വെട്ടിച്ചുരുക്കി പണം കണ്ടെത്താനുള്ള അദ്ദേഹത്തിന്റെ ശ്രമം പ്രശ്നങ്ങൾക്ക് കാരണമായി. ദളവയുടെ ശത്രുക്കൾ ഈയവസരമുപയോഗിച്ച് ജനങ്ങളെ ഇളക്കിവിട്ടു.
354. തടവിലാക്കപ്പെട്ടവരെ തുറന്നുവിടുകയും പട്ടാളക്കാർ താവളം വിട്ടുപോവുകയുംചെയ്തു. ലഹളക്കാർ ഒരുമിച്ച് തിരുവനന്തപുരത്തെത്തി.
355. ദളവയെ നീക്കംചെയ്ത് പകരം സൈന്യമേധാവികൾ തെരഞ്ഞെടുക്കുന്ന ഒരാളെ മന്ത്രിയാക്കണമെന്ന് കലാപകാരികൾ രാജാവിനോടാവശ്യപ്പെട്ടു.
356. വേലുത്തമ്പി മെക്കാളെയുടെ സഹായത്തോടെ ലഹള അമർച്ചചെയ്തു.
357. സൈനികരുടെ തലവനായിരുന്ന കൃഷ്ണപിള്ളയെ ദാരുണമാംവിധം കൊലചെയ്തു.
358. തിരുവിതാംകൂറിന്റെ ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷുകാർക്ക് അധികാരമുണ്ടാകണമെന്ന് ഒരാശയം മെക്കാളെ മുന്നോട്ടുവെച്ചു.
359. ഒടുവിൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പിൽക്കാലത്ത് തികഞ്ഞ അപകടത്തിനു വഴിവച്ച പത്ത് നിബന്ധനകളിൽ ഒപ്പുവയ്ക്കാൻ മഹാരാജാവ് നിർബന്ധിതനായി.
360. നിബന്ധനകൾ ഒപ്പുവച്ചെങ്കിലും (1805) കപ്പക്കുടിശ്ശികയുടെ കാര്യത്തിൽ മെക്കാളെയും വേലുത്തമ്പിയും ഇടഞ്ഞു. തമ്പിയെ ദളവാപദത്തിൽനിന്നും നീക്കംചെയ്യണമെന്ന് മെക്കാളെ രാജാവിനോടാവശ്യപ്പെട്ടു.
361. കൊട്ടാരത്തിലെ സ്വർണം പണയംവച്ച് കപ്പം കുടിശ്ശിക കുറെയൊക്കെ അടച്ചു.
362. എന്നിട്ടും മെക്കാളെയും നീരസം കെട്ടടങ്ങിയില്ല. വേലുത്തമ്പി തന്ത്രപൂർവം ആയുധബലം ഗണ്യമായി വർധിപ്പിക്കുകയും കോട്ടകൾ കെട്ടുകയും ചെയ്തു.
363. 1805ലെ ഉടമ്പടിയിലെ നിബന്ധനകൾ മറികടന്ന് വേലുത്തമ്പി കൊച്ചി ദിവാൻ പാലിയത്തച്ചനുമായിച്ചേർന്ന് ശക്തമായ ആക്രമണത്തിന് തുടക്കം കുറിച്ചു.
364. മെക്കാളെയും വധിക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെട്ടു.
365. പിന്നീട് വേലുത്തമ്പി കൊല്ലത്ത് തമ്പടിച്ചിരുന്ന കമ്പനി സൈന്യത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഏറ്റുമുട്ടലിൽ വേലുത്തമ്പിക്ക് വിജയിക്കാൻ കഴിഞ്ഞില്ല.
366. ബ്രിട്ടീഷ് സൈന്യത്തെ നേരിടുന്നതിന് സജ്ജരാകാൻ ജനങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ട് 1809 ജനുവരി പതിനൊന്നിന് വേലുത്തമ്പി കുണ്ടറ വിളംബരം നടത്തി.
367. ഇത് ജനങ്ങളെ സംഘടിതരും ആവേശഭരിതരുമാക്കി. കൊല്ലത്തും കൊച്ചിയിലും തിരുവിതാംകൂർ സൈന്യം പരാജയപ്പെട്ടു.
368. പാലിയത്തച്ചൻ ബ്രിട്ടീഷുകാർക്ക് കീഴടങ്ങി. ആരുവാമൊഴിയിൽവച്ച് തിരുനെൽവേലിയിൽനിന്നുള്ള സൈന്യവുമായുള്ള ഏറ്റുമുട്ടലിലും തിരുവിതാംകൂർ പരാജയപ്പെട്ടു.
369. തുടർന്ന് ഉമ്മിണിത്തമ്പിയുടെ നിർദേശാനുസരണം രാജാവ് വേലുത്തമ്പിയെ ദളവാസ്ഥാനത്തുനിന്നു മാറ്റി.
370. 1809 മാർച്ച് 18ന് ഉമ്മിണിത്തമ്പിയെ ദിവാനായി നിയമിച്ചു. വേലുത്തമ്പിയെ നശിപ്പിക്കാനാണ് ഉമ്മിണിത്തമ്പി ശ്രദ്ധ കേന്ദ്രീകരിച്ചത്.
371. വേലുത്തമ്പിയുടെ തലയ്ക്ക് 10000 രൂപ വിലപറഞ്ഞു. ജീവനോടെ ബ്രിട്ടീഷുകാർക്ക് കീഴടങ്ങുകയില്ലെന്ന് പ്രതിജ്ഞ ചെയ്ത വേലുത്തമ്പി ഒളിവിൽ കഴിഞ്ഞു.
372. തന്റെ ഉടവാൾ അദ്ദേഹം കിളിമാനൂർ കോയിത്തമ്പുരാനെ ഏൽപിച്ചു.
373. മണ്ണടി ഭഗവതിക്ഷേത്രത്തിൽ ഒളിവിൽ കഴിഞ്ഞിരുന്ന അദ്ദേഹത്തെ 1809 ഏപ്രിൽ എട്ടിന് ശത്രുക്കൾ വളഞ്ഞു.
374. ശത്രുക്കളുടെ പിടിയിൽപ്പെടുമെന്നുറപ്പായപ്പോൾ ഉറയിൽ സൂക്ഷിച്ചിരുന്ന കഠാര നെഞ്ചിൽ കുത്തിയിറക്കി. അതുകൊണ്ടും ജീവൻ പോകാത്തതുകാരണം അദ്ദേഹത്തിന്റെ അഭ്യർഥനപ്രകാരം അനുജൻ പത്മനാഭൻതമ്പി ശിരസ്സ് വെട്ടിമാറ്റി.
375. ബ്രിട്ടീഷുകാർ തമ്പിയുടെ മൃതദേഹം തിരുവനന്തപുരത്ത് കൊണ്ടുവന്ന് കഴുമരത്തിൽ കെട്ടിത്തൂക്കി പ്രതികാരം തീർത്തു.
376. അനുജൻ പത്മനാഭൻതമ്പിയെ കൊല്ലത്തുവച്ച് വധിച്ചു. വേലുത്തമ്പിയുടെ വീട് ഇടിച്ചുനിരത്തുകയും ബന്ധുക്കളെ മാലദ്വീപിലേക്ക് നാടുകടത്തുകയുംചെയ്തു.
377. വേലുത്തമ്പിക്കുപകരം ദിവാനായ ഉമ്മിണിത്തമ്പി ബുദ്ധിയും സാമർഥ്യവും രാജ്യത്തിന്റെ പൊതുസ്ഥിതിയെപ്പറ്റി ധാരണയുള്ള ആളായിരുന്നു. എങ്കിലും, തന്റെ മുൻഗാമിയേക്കാൾ പ്രഗല്ഭനാണെന്നു വരുത്താനുള്ള ആഗ്രഹവും അധികാരത്തിനുവേണ്ടിയുള്ള ദുർമോഹവും അദ്ദേഹത്തെ പിടികൂടിയിരുന്നു.
378. ഈ ലക്ഷ്യത്തോടെ ഭരണസമ്പ്രദായം ആകെ അഴിച്ചുപണിയാൻ അദ്ദേഹം തീരുമാനിച്ചു. മഹാരാജാവിന്റെ പ്രീതിക്കു പാത്രമായിരുന്ന ഉമ്മിണിത്തമ്പിക്ക് തന്നിഷ്ടങ്ങൾ നടപ്പാക്കാൻ മഹാരാജാവിൽനിന്ന് യാതൊരു തടസ്സവുമുണ്ടായില്ല.
379. ഉമ്മിണിത്തമ്പിയുടെ നടപടികളിൽ പലതും രാജ്യക്ഷേമത്തിന് വളരെ അനുയോജ്യമായിരുന്നു. പൊലീസ് സംവിധാനത്തിന്റെ പ്രാക്‌രൂപമായ ‘കാവൽ’ ആവിഷ്കരിച്ചത് ഉമ്മിണിത്തമ്പിയാണ്.
380. നീതിന്യായസംവിധാനം കാര്യക്ഷമമാക്കുന്നതിന് രാജ്യത്ത് ജില്ലാ ജയിലുകൾ സ്ഥാപിച്ചു.
381. സർക്കാർ നടപടികൾക്കെതിരെ സംഘടിതമായി പ്രതിഷേധിക്കാൻ നാഞ്ചിനാട്ട് ജനങ്ങൾക്കുണ്ടായിരുന്ന അവകാശം നിർത്തലാക്കി.
382. നെയ്യാറ്റിൻകരയ്ക്കും തിരുവനന്തപുരത്തിനും ഇടയ്ക്കുണ്ടായിരുന്ന കാടുകൾ വെട്ടിത്തെളിച്ച് വാസയോഗ്യമാക്കി അവിടെ കമ്പോളങ്ങളും അഗ്രഹാരങ്ങളും കൊട്ടാരങ്ങളും സംഭരണശാലകളും ഉണ്ടാക്കിയതിനുപുറമെ ആ സ്ഥലത്ത് നെയ്ത്തുകാരെ കുടിപാർപ്പിക്കുവാൻ ഇടപാടും ചെയ്തു.
383. രാജാവിന്റെ നാമധേയത്തിൽ ആ പ്രദേശത്തിന് ബാലരാമപുരമെന്ന് പേരിടുകയും ചെയ്തു.
384. വിഴിഞ്ഞം ഒരു തുറമുഖമായും വ്യവസായകേന്ദ്രമായും വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു.

## തുർക്കി



730. നോഹയുടെ പേടകം ഉറച്ചുനിന്ന പർവതമായ അറാറത്ത് ഏത് രാജ്യത്താണ്
731. 1453-ൽ എവിടത്തുകാരാണ് കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയത്
732. ഏതു രാജ്യത്താണ് ഹഗിയ സോഫിയ
733. രണ്ടു വൻകരകളിലായി സ്ഥിതിചെയ്യുന്ന മെട്രോപൊളിറ്റൻ നഗരമായ ഇസ്താൻബുൾ ഏത് രാജ്യത്താണ്
734. ഖിലാഫത്ത് പ്രസ്ഥാനം പിറവിയെടുക്കാൻ കാരണം എവിടുത്തെ സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കിയ സംഭവമാണ്
735. ഏതു രാജ്യത്തിന്റെ ആദ്യ പ്രസിഡന്റാണ് മുസ്തഫ കമാൽ
736. ഈജിയൻ കടൽ ഗ്രീസിനും ഏതു രാജ്യത്തിനുമിടയ്ക്കാണ്
737. മുസ്തഫ കമാൽ എവിടത്തെ രാഷ്ട്രശിൽപിയാണ്
738. ഏതു രാജ്യത്തിന്റെ തലസ്ഥാനമാണ് അങ്കാറ
739. ഏത് രാജ്യത്തിന്റെ ഏഷ്യൻ ഭാഗമാണ് ഏഷ്യാമൈനർ അഥവാ അനറ്റോളിയ
740. ഏത് രാജ്യത്തിന്റെ യൂറോപ്യൻ ഭാഗമാണ് ത്രേസ്

385. ഇപ്രകാരമുള്ള ക്ഷേമകരമായ പ്രവർത്തനങ്ങൾ ഒരുവശത്ത് നടക്കുമ്പോഴും മറുവശത്ത് ഉമ്മിണിത്തമ്പിയുടെ ജനപ്രീതി ഇടിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.

386. രണ്ടുകൊല്ലത്തെ ഭരണത്തിനിടയ്ക്ക് തന്റെ കീഴുദ്യോഗസ്ഥർ നടത്തിയിരുന്ന അഴിമതിക്ക് തടയിടാൻ അദ്ദേഹത്തിന് കഴിയാതിരുന്നതുകൊണ്ട് ഭരണസംവിധാനത്തിന്റെ സമസ്തമേഖലകളിലും ക്രമക്കേടും അധികാരദുർവിനിയോഗവും നടമാടി.

387. ഈസ്റ്റിന്ത്യാ കമ്പനിക്ക് നൽകേണ്ട കപ്പം വീണ്ടും കുടിശ്ശികയായി. പല വകുപ്പുകളിലും ശമ്പളംതന്നെ കൊടുത്തുതീർക്കാൻ കഴിഞ്ഞില്ല.

388. പൊതുഭരണം മൊത്തത്തിൽ കുത്തഴിഞ്ഞ മട്ടായി. മഹാരാജാവിന്റെ ദൗർബല്യം ദിവാന് അനുഗ്രഹമായി.

389. സർവ അധികാരവും കൈയടക്കിയ ദിവാൻ രാജാധികാരത്തെ നിരർഥകമാക്കി. ദിവാനെതിരെ എന്തെങ്കിലും പ്രവർത്തിച്ചാൽഅതുമൂലം തന്റെ രാജസ്ഥാനം പോലും നഷ്ടമായേക്കുമെന്ന് രാജാവിന് ശങ്കയുണ്ടായിരുന്നു.

390. ഇതുമൂലം അദ്ദേഹം തന്റെ സചിവന്റെ ആഗ്രഹങ്ങൾക്കു വഴങ്ങി.

391. രാജ്യത്തെ കുഴപ്പങ്ങൾ പരിഹരിക്കണമെന്ന് റസിഡന്റ് മെക്കാളെ ആവശ്യപ്പെട്ടു.

392. കപ്പമടയ്ക്കാൻ താമസമുണ്ടാകുന്നതിന് ഒഴികഴിവായി രാജാവിന്റെ പേര് ഉപയോഗിക്കുകയായിരുന്നു ഉമ്മിണിത്തമ്പിയുടെ പതിവ്.

393. ഇങ്ങനെയിരിക്കെ 1810 നവംബർ ഏഴിന് രാജാവ് ആകസ്മികമായി നാടുനീങ്ങി.

394. പന്ത്രണ്ടുവർഷവും എട്ടുമാസവും നീണ്ടുനിന്ന ഭരണകാലത്തിനിടയ്ക്ക് തന്റെ പിൻഗാമികൾക്കു കഴിഞ്ഞതുപോലെ ഭരണപരിഷ്കാരത്തിനുവേണ്ടിയോ ജനക്ഷേമത്തിനുവേണ്ടിയോ യാതൊരുവക നിയമനിർമാണവും നടത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

395. തൃപ്തികരമായ സാമ്പത്തികാവസ്ഥ നിലനിന്നപ്പോൾ ഭരണമേറ്റ അദ്ദേഹം 29–ാമത്തെ വയസ്സിൽ നാടുനീങ്ങുമ്പോൾ ഖജനാവ് കാലിയായി ഭരണസംവിധാനം താറുമാറായിക്കഴിഞ്ഞിരുന്നു.

# കേരളത്തിലെ ജില്ലകൾ

## തൃശ്ശൂർ

### പ്രത്യേകതകൾ

396. കേരളത്തിൽ ഏറ്റവും കൂടുതൽ പോസ്റ്റോഫീസുകളുള്ള ജില്ല

397. ഏറ്റവും കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളുള്ള ജില്ല (17)

398. ഏറ്റവുമധികം പ്രദേശത്ത് ജലസേചന സൗകര്യമുള്ള ജില്ല

399. പൂരത്തിന്റെ നാട്

### പ്രധാനപ്പെട്ട വസ്തുതകൾ

400. ഇന്ത്യയിലെ ആദ്യ ക്രിസ്ത്യൻ പള്ളി സ്ഥാപിച്ച സ്ഥലം– കൊടുങ്ങല്ലൂർ

401. കേരളത്തിൽ യഹൂദരുടെ ആദ്യ സങ്കേതം– കൊടുങ്ങല്ലൂർ

402. കേരള സാഹിത്യ അക്കാദമിയുടെ ആദ്യ അധ്യക്ഷൻ– സർദാർ കെ. എം.പണിക്കർ (കാവാലം മാധവപ്പണിക്കർ എന്നാണ് പൂർണനാമം)

403. കേരള സാഹിത്യ അക്കാദമിയുടെ ആദ്യ ഉപാധ്യക്ഷൻ– വള്ളത്തോൾ നാരായണമേനോൻ

404. ഇന്ത്യയിലെ ആദ്യത്തെ കംപ്യൂട്ടർ സാക്ഷര ഗ്രാമം– തയ്യൂർ (2003)

405. ഇന്ത്യയിലെ ആദ്യത്തെ വ്യവഹാര രഹിത വില്ലേജ്– വരവൂർ

406. ഇന്ത്യയിലെ ആദ്യത്തെ നിയമ സാക്ഷര വ്യവഹാര വിമുക്ത ഗ്രാമം– ഒല്ലൂക്കര

407. കേരളത്തിലെ ആദ്യത്തെ മെഡിക്കൽ സർവകലാശാലയുടെ ആസ്ഥാനം– തൃശ്ശൂർ

408. ഇ.എം.എസ്. ഭവന പദ്ധതി ഉദ്ഘാടനം ചെയ്തത് തൃശ്ശൂർ ജില്ലയിലെ കൊടകരയിലാണ്.

409. കേരളത്തിലെ ഏറ്റവും വിസ്തീർണം കുറഞ്ഞ മുനിസിപ്പാലിറ്റി –ഗുരുവായൂർ

410. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള മുസ്ലിം പള്ളി– ചേരമാൻ മോസ്ക്, കൊടുങ്ങല്ലൂർ

411. മാലിക് ബിൻ ദിനാറാണ് എ.ഡി.629–ൽ ഇത് നിർമിച്ചത്.

412. ഇന്ത്യയിലെ ഏറ്റവും ജൈവവൈവിധ്യമുള്ള നദിയാണ് ചാലക്കുടിപ്പുഴ.

413. ദിവസേനയുള്ള ഭക്തരുടെ എണ്ണത്തിൽ ഇന്ത്യയിൽ നാലാം സ്ഥാനമുള്ള ക്ഷേത്രമാണ് ഗുരുവായൂർ ക്ഷേത്രം.

414. കേരളചരിത്രത്തിലെ ഏറ്റവും പ്രശസ്തനായ ആനയാണ് ഗുരുവായൂർ കേശവൻ. 1916–ൽ നിലമ്പൂർ രാജകുടുംബം ഗുരുവായൂർ ക്ഷേത്രത്തിൽ നടയ്ക്കിരുത്തിയ ഈ ആന 1976–ലെ ഏകാദശി നാളിൽ ചരിഞ്ഞു. ഗുരുവായൂർ ദേവസ്വം ഈ ആനയ്ക്ക് ഗജരാജപട്ടം നൽകുകയുണ്ടായി. ഉണ്ണികൃഷ്ണൻ പൂതൂർ രചിച്ച് ഭരതൻ സംവിധാനം ചെയ്ത ഗുരുവായൂർ കേശവൻ എന്ന സിനിമ 1977–ൽ റിലീസായി.

415. കേരളത്തിലെ രണ്ടാമത്തെ വന്യജീവി സങ്കേതമാണ് 1958–ൽ നിലവിൽവന്ന പീച്ചി–വാഴാനി സങ്കേതം.

416. കേരള വ്യാസൻ എന്നറിയപ്പെട്ടത്– കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

417. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്നത്– തൃശ്ശൂർ

418. പ്രാചീനകാലത്ത് മുസിരിസ് എന്നറിയപ്പെട്ടിരുന്ന തുറമുഖം– കൊടുങ്ങല്ലൂർ

419. ദക്ഷിണ ദ്വാരക എന്നറിയപ്പെടുന്നത്– ഗുരുവായൂർ ക്ഷേത്രം

420. ചേന്നാസ് നമ്പൂതിരിമാരാണ് ഗുരുവായൂർ ക്ഷേത്രത്തിലെ പരമ്പരാഗത തന്ത്രിമാർ.

421. ഏത് സ്ഥലത്തിന്റെ പഴയപേരാണ് കുരുവായൂർവട്ടം– ഗുരുവായൂർ

422. വൃഷഭാദ്രിപുരം എന്നാണ് തൃശ്ശൂരിന്റെ പഴയ പേര്.

423. പീച്ചി–വാഴാനി അണക്കെട്ട് ഏതു ജില്ലയിൽ– തൃശ്ശൂർ

424. ആതിരപ്പള്ളി വെള്ളച്ചാട്ടം ഏതു നദിയിൽ– ചാലക്കുടിപ്പുഴ (വെള്ളച്ചാട്ടത്തിന് 80 അടി (24 മീ.)യോളം ഉയരമുണ്ട്)

425. ഇന്ത്യയുടെ നയാഗ്ര എന്നു വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിലെ വെള്ളച്ചാട്ടമാണ് ആതിരപ്പള്ളി.

426. ഗുരുവായൂർ ക്ഷേത്രത്തിലെ പ്രധാന ഉൽസവം– ഏകാദശി

427. കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ പ്രധാന ഉൽസവം– ഭരണി

428. മൂരിയാട് തടാകം ഏതു ജില്ലയിൽ– തൃശ്ശൂർ

429. പാറമേക്കാവ് ഭഗവതി ക്ഷേത്രം തൃശ്ശൂരിലാണ്.

430. തൃശ്ശൂർ പൂരം തുടങ്ങിയത്– ശക്തൻ തമ്പുരാൻ

431. 1930–ൽ കേരള കലാമണ്ഡലം സ്ഥാപിച്ചത്– വള്ളത്തോൾ നാരായണമേനോൻ

432. ഗുരുവായൂർ സത്യാഗ്രഹം നയിച്ചത്– കെ.കേളപ്പൻ

433. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വോളണ്ടിയർ ക്യാപ്റ്റൻ – എ.കെ.ഗോപാലൻ

434. കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി ജനിച്ചത് കണ്ടശ്ശാംകടവിലാണ്. 1952 വരെ അദ്ദേഹം തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ അധ്യാപകനായിരുന്നു.

435. തൃശ്ശൂർ ജില്ലയിൽ പുതുക്കാട് എന്ന സ്ഥലത്താണ് സി.അച്യുതമേനോൻ ജനിച്ചത് (1913).

436. തേക്കിൻകാട് മൈതാനം എവിടെയാണ് – തൃശ്ശൂർ

437. അപ്പൻ തമ്പുരാൻ സ്മാരകം എവിടെയാണ്– അയ്യന്തോൾ

438. ചേര രാജാക്കൻമാരുടെ സംരക്ഷണത്തിൽ ഒരു ഗോള നിരീക്ഷണശാല പ്രവർത്തിച്ചിരുന്ന സ്ഥലം– മഹോദയപുരം

439. തൃശൂർ ജില്ലയുടെ വിസ്തീർണ്ണം– 3032 ച.കി.മി.

440. രണ്ടാം ചേര സാമ്രാജ്യത്തിന്റെ തലസ്ഥാനം– മഹോദയപുരം

441. ഏതു വർഷം പെരിയാറിലുണ്ടായ വെള്ളപ്പൊക്കമാണ് കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ നാശത്തിനു കാരണമായത് – 1341

442. ഗുരുവായൂർ സത്യാഗ്രഹം നടന്ന വർഷം–1931

443. തൃശ്ശൂരിൽ കെ.കേളപ്പന്റെ അധ്യക്ഷതയിൽ ഐക്യ കേരള സമ്മേളനം നടന്ന വർഷം– 1947 ഏപ്രിൽ

444. കേരള കലാമണ്ഡലത്തെ കേരള സർക്കാർ ഏറ്റെടുത്ത വർഷം– 1957

445. പീച്ചി–വാഴാനി വന്യജീവി സങ്കേതം സ്ഥാപിതമായ വർഷം– 1958

446. ചിമ്മിനി വന്യജീവി സങ്കേതം സ്ഥാപിതമായ വർഷമാണ് 1984. ഇത് മുകുന്ദപുരം താലൂക്കിലാണ്.

447. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എവിടെയാണ്– മുളങ്കുന്നത്തുകാവ്

448. കേരള സാഹിത്യ അക്കാദമിയുടെ ആസ്ഥാനം– തൃശ്ശൂർ

449. കേരള സംഗീത നാടക അക്കാദമിയുടെ ആസ്ഥാനം–തൃശ്ശൂർ

450. കേരള ലളിതകലാ അക്കാദമിയുടെ ആസ്ഥാനം– തൃശ്ശൂർ

451. കേരള കലാമണ്ഡലത്തിന്റെ ആസ്ഥാനം– ചെറുതുരുത്തി

452. കൈതച്ചക്ക ഗവേഷണ കേന്ദ്രത്തിന്റെ ആസ്ഥാനം– വെള്ളാനിക്കര

453. കേരള കാർഷിക സർവകലാശാലയുടെ ആസ്ഥാനം– മണ്ണുത്തി

454. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് –പീച്ചി

455. ഗുരുവായൂർ ക്ഷേത്രം വക ആനകളെ സംരക്ഷിക്കുന്ന സ്ഥലം– പുന്നത്തൂർ കോട്ട

456. 2004–ൽ സ്ഥാപിതമായ കേരള പൊലീസ് അക്കാദമിയുടെ ആസ്ഥാനം രാമവർമപുരത്താണ്.

457. ബനാന റിസർച്ച് സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സ്ഥലമാണ് കണ്ണാറ.

458. അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ ചാലക്കുടിയിലാണ്.

459. മാടക്കത്തറയിലാണ് കശുവണ്ടി റിസർച്ച് സ്റ്റേഷൻ.

460. ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷന്റെ (ഔഷധി) ആസ്ഥാനം തൃശ്ശൂരാണ്.

461. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് തൃശ്ശൂരിലാണ്.

462. കേരളത്തിലെ മൂന്ന് സെൻട്രൽ ജയിലുകളിലൊന്നാണ് വിയ്യൂർ ജയിൽ.

463. കേരള എക്സൈസ് അക്കാദമി തൃശ്ശൂരിലാണ്.

464. കേരള സാഹിത്യ അക്കാദമി 1956–ൽ നിലവിൽവന്നപ്പോൾ തിരുവനന്തപുരത്തായിരുന്നു ആസ്ഥാനം. പിന്നീടാണ് ആസ്ഥാനം തൃശ്ശൂരേക്ക് മാറ്റിയത്.

465. ഗുരുവായൂർ സത്യാഗ്രഹ കമ്മിറ്റിയുടെ അധ്യക്ഷനായിരുന്നത് മന്നത്തു പദ്മനാഭൻ, സെക്രട്ടറിയായിരുന്നത് കെ.കേളപ്പൻ. എന്നാൽ, 1914–ൽ പെരുന്നയിൽ രൂപവത്കൃതമായ നായർ സർവീസ് സൊസൈറ്റിയുടെ ആദ്യ പ്രസിഡന്റ് കെ. കേളപ്പനും ആദ്യ സെക്രട്ടറി മന്നവുമായിരുന്നു.

466. കേരളത്തിൽ ഭരതനു സമർപ്പിച്ചിട്ടുള്ള ക്ഷേത്രം –കൂടൽമാണിക്യക്ഷേത്രം, ഇരിങ്ങാലക്കുട

467. കേരളത്തിലെ കോർപ്പറേഷനുകളിൽ കടൽത്തീരമില്ലാത്തത് തൃശ്ശൂർ മാത്രമാണ്.

468. കൊച്ചി പ്രധാനമന്ത്രിയായിരുന്ന ഇക്കണ്ടവാര്യർ മുൻകൈയെടുത്ത് നിർമിച്ച അണക്കെട്ടാണ് പീച്ചി. കേരളത്തിലെ എഞ്ചിനീയർമാർ പദ്ധതിയെ എതിർത്തതിനാൽ ആന്ധ്രയിൽനിന്ന് റിട്ടയേർഡ് എഞ്ചിനീയറെ കൊണ്ടുവന്നാണ് നിർമാണം നടത്തിയത്. 213 മീറ്ററാണ് അണക്കെട്ടിന്റെ നീളം.

469. റോമൻ ചക്രവർത്തിയായിരുന്ന അഗസ്റ്റസിന്റെ ദേവാലയം ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതായി കരുതപ്പെടുന്ന സ്ഥലമാണ് മുസിരിസ്.

470. കേരളത്തിൽ സ്വന്തമായി വൈദ്യുതി വിതരണം നടത്തുന്ന മുനിസിപ്പൽ കോർപ്പറേഷനാണ് തൃശ്ശൂർ.

471. ഷോളയാർ അണക്കെട്ട് ചാലക്കുടിപ്പുഴയിലാണ്.

472. അഞ്ചുക്ഷേത്രങ്ങൾ വീതം പാറമേക്കാവ് ഭഗവതി ക്ഷേത്രം, തിരുവമ്പാടി ശ്രീകൃഷ്ണക്ഷേത്രം എന്നീ ക്ഷേത്രങ്ങളുടെ നേതൃത്വത്തിൽ രണ്ട് ഗ്രൂപ്പായി വടക്കുംനാഥക്ഷേത്രസന്നിധിയിലെത്തി നടത്തുന്ന ആഘോഷമാണ് തൃശ്ശൂർ പൂരം.

473. തിരുവമ്പാടിക്കും പാറമേക്കാവിനും 15 ആനകൾവീതമാണ് അണിനിരക്കുന്നത്.

474. കുടമാറ്റം, ഇലഞ്ഞിത്തറമേളം, വെടിക്കെട്ട് എന്നിവയാണ് തൃശ്ശൂർ പൂരത്തിന്റെ പ്രധാന ചടങ്ങുകൾ.

475. മേടമാസത്തിലെ പൂരം നാളിലാണ് തൃശ്ശൂർ പൂരം നടക്കുന്നത്.

476. പൂരം കൊടിയേറുന്നതിന്റെ നാലാം നാൾ നടക്കുന്ന സാംപിൾ വെടിക്കെട്ടിന്റെ വേദി തൃശ്ശൂരിലെ സ്വരാജ് റൗണ്ടാണ്.

477. പൂരത്തിന്റെ അവസാന ചടങ്ങാണ് ഏഴാം ദിവസം നടക്കുന്ന ഉപചാരംചൊല്ലിപ്പിരിയൽ. ഇതിന്റെ വേദിയുംസ്വരാജ് റൗണ്ടാണ്.

478. പ്രസിദ്ധമായ ആറാട്ടുപുഴ ശാസ്താക്ഷേത്രത്തിലെ പൂരവും തൃശ്ശൂർ ജില്ലയിലാണ് നടക്കുന്നത്.

479. കൊടുങ്ങല്ലൂർ കോട്ട നിർമിച്ചത് പോർച്ചുഗീസുകാരാണ് (1523). ഇത് പിൽക്കാലത്ത് ഡച്ചുകാരുടെയും തുടർന്ന് ടിപ്പു സുൽത്താന്റെയും കൈവശമായി.

480. കൊച്ചി രാജവംശത്തിന്റെ കുടുംബക്ഷേത്രമാണ് തിരുവഞ്ചിക്കുളം മഹാദേവ ക്ഷേത്രം. ഇവിടുത്തെ പ്രസിദ്ധമായ ഉത്സവമാണ് ആനയോട്ടം.

481. കൊടുങ്ങല്ലൂർ രാജവംശത്തിന്റെ ആസ്ഥാനമായ കൊടുങ്ങല്ലൂർ കോവിലകത്തിന്റെ രണ്ടു ശാഖകളാണ് ചിറയ്ക്കൽ കോവിലകവും പുത്തൻ കോവിലകവും. ഗുരുകുല സമ്പ്രദായത്തിനു പ്രസിദ്ധമായിരുന്നു കൊടുങ്ങല്ലൂർ കോവിലകം. ഇവിടെ വിദ്യാഭ്യാസം നേടിയവരിൽ ഏറ്റവും പ്രമുഖൻ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണ്.

482. ഗുരുവായൂരിലെ ക്ഷേത്രപ്രവേശനം സംബന്ധിച്ച് ഹിത പരിശോധന നടത്തിയ താലൂക്ക് പൊന്നാനിയാണ്.

483. ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനമിരുന്ന് മേൽപ്പത്തൂർ നാരായണഭട്ടതിരി രോഗമോക്ഷാർഥം രചിച്ചതാണ് നാരായണീയം. തുഞ്ചത്ത് എഴുത്തച്ഛന്റെ നിർദ്ദേശപ്രകാരമാണ് ഇത് ചെയ്തത്. 1586–ൽ രചിച്ചെങ്കിലും 250 വർഷം കഴിഞ്ഞാണ് നാരായണീയം അച്ചടിക്കപ്പെട്ടത്.

484. മമ്മിയൂർ ക്ഷേത്രത്തിലെ ആരാധനാമൂർത്തി രൗദ്രഭാവത്തിലുള്ള ശിവനാണ്.

485. കരുവണ്ണൂർപ്പുഴയുടെ പോഷകനദിയായ ചിമ്മിണിയിലാണ് ചിമ്മിണി ഡാം നിർമിച്ചിരിക്കുന്നത്.

486. ശക്തൻ തമ്പുരാന്റെ യഥാർഥ പേര് രാജ രാമ വർമ എന്നായിരുന്നു.

487. കൊച്ചീരാജ്യത്തെ ഭരണാധിപനായിരുന്ന ശക്തൻ തമ്പുരാൻ തൃശ്ശൂർ ആസ്ഥാനമായിട്ടാണ് ഭരണം നടത്തിയിരുന്നത്.

488. തൃശ്ശൂർ സ്വരാജ് റൗണ്ട് നിർമിച്ചത് ശക്തൻ തമ്പുരാനാണ്.

489. ശക്തൻ തമ്പുരാൻ കൊട്ടാരത്തിന്റെ പഴയപേരാണ് വടക്കേക്കര കൊട്ടാരം. കേരളീയ–ഡച്ചു വാസ്തുശൈലികൾ സമ്മേളിക്കുന്ന ഈ കൊട്ടാരം 2005–ൽ കേരള സർക്കാർ ഒരു മ്യൂസിയമാക്കി.

490. 1949–ൽ രൂപംകൊണ്ട കൊച്ചിൻ ദേവസ്വം ബോർഡിന്റെ ആസ്ഥാനം തൃശ്ശൂരാണ്. എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളാണ് ഇതിന്റെ പരിധിയിൽവരുന്നത്.

491. 1920–ൽ സ്ഥാപിതമായ കാത്തലിക് സിറിയൻ ബാങ്കിന്റെ ആസ്ഥാനം തൃശ്ശൂരാണ്.

492. തൃശ്ശൂർ ആസ്ഥാനമായ ധനലക്ഷ്മി ബാങ്ക് സ്ഥാപിതമായത് 1927–ലാണ്.

493. സൗത്ത് ഇന്ത്യൻ ബാങ്ക് തൃശ്ശൂരിൽ 1929–ൽ സ്ഥാപിതമായി.

494. കൊടുങ്ങല്ലൂർ ആസ്ഥാനമായ ലോർഡ് കൃഷ്ണാ ബാങ്ക് സ്ഥാപിതമായത് 1940–ലാണ്.

495. സംസ്ഥാന ആരോഗ്യമന്ത്രി പ്രോവോസ്റ്റ് (പ്രോ–വൈസ് ചാൻസലർ) പദം വഹിക്കുന്ന സർവകലാശാലയാണ് തൃശ്ശൂർ ആസ്ഥാനമായി 2010–ൽ സ്ഥാപിതമായ ആരോഗ്യ സർവകലാശാല.

496. തൃശ്ശൂർ കളക്ടറായിരിക്കെ നടത്തിയ നഗരപരിഷ്കരണങ്ങൾ വിനോദ് റായിക്ക് (പിൽക്കാലത്ത് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ) രണ്ടാം ശക്തൻ തമ്പുരാൻ എന്ന അപരനാമം നേടിക്കൊടുത്തു.

497. തൃശ്ശൂരിൽനിന്ന് പ്രസിദ്ധീകരണമാരംഭിച്ച ആദ്യത്തെ വാർത്താപത്രികയാണ് ലോകമാന്യൻ.

498. കേരള രാഷ്ട്രീയചരിത്രത്തിലെ നിർണായകമായ കരുനീക്കങ്ങൾക്ക് സാക്ഷ്യംവഹിച്ച തൃശ്ശൂരിലെ രാമനിലയം എന്ന അതിഥി മന്ദിരം ബ്രിട്ടീഷ് ഭരണകാലത്ത് പൊളിറ്റിക്കൽ ഓഫീസർമാരുടെ ഔദ്യോഗിക വസതിയായിരുന്നു.

499. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ആസ്ഥാനം തൃശ്ശൂരാണ്.

500. 1969–ലാണ് കെഎസ്എഫ്ഇ സ്ഥാപിതമായത്.

# ലോകരാജ്യങ്ങൾ

## ചിലി

501. വീതിയുമായി താരതമ്യം ചെയ്യുമ്പോൾ ലോകത്തിലെ ഏറ്റവും നീളം കൂടിയ രാജ്യമാണ് ചിലി. ഷൂ സ്ട്രിംഗ് രാജ്യം (Shoe string country) എന്ന് ചിലിയെ വിളിക്കാറുണ്ട് (രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഏറ്റവും കൂടുതൽ ദൂരമുള്ള രാജ്യം റഷ്യയാണ്).

502. ചിലിയുടെ തെക്കു മുതൽ വടക്കുവരെയുള്ള നീളം 4684 കിലോമീറ്ററാണ്.

503. തെക്കുവടക്കുനീളത്തിന്റെ കാര്യത്തിൽ രണ്ടാം സ്ഥാനത്തുള്ള തെക്കേ അമേരിക്കൻ രാജ്യം ബ്രസീലാണ്.

504. 1818 ലാണ് സ്പെയിൻ ചിലിക്ക് സ്വാതന്ത്ര്യം നൽകിയത്

505. ചിലിയിലെ നാണയമാണ് പെസോ (Chilean Peso)

506. Organisation for Economic Co-operation and Development (OECD) യിൽ അംഗമായ ആദ്യത്തെ തെക്കേ അമേരിക്കൻ രാജ്യമാണ് ചിലി.

507. ചിലിയുടെ ദേശീയ മൃഗം മാനാണ് (Hippocamelus).

508. മാർക്സിസ്റ്റ് പാർട്ടി അധികാരത്തിൽവന്ന ആദ്യത്തെ തെക്കേ അമേരിക്കൻ രാജ്യമാണ് ചിലി.

509. 1970–ൽ അധികാരത്തിൽവന്ന സാൽവ



ഡോർ അലൻഡെ 1973–ൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു.

510. അമേരിക്കൻ വൻകരയിൽ ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ മാർക്സിസ്റ്റ് പ്രസിഡന്റാണ് സാൽവഡോർ അലൻഡെ (Salvador Allende).

511. അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയത് പട്ടാള മേധാവിയായ ആഗസ്റ്റോ പിനോഷെ (Augusto Pinochet) ആണ്.

512. 1990 വരെ അദ്ദേഹം അധികാരത്തിൽ തുടർന്നു. സ്ഥാനമൊഴിഞ്ഞശേഷം പിനോഷെയ്ക്ക് നിരവധി നിയമനടപടികൾ നേരിടേണ്ടിവന്നു.

513. 1945–ൽ സാഹിത്യ നൊബേലിന് അർഹയായ ചിലിയൻ എഴുത്തുകാരിയാണ് Gabriela Mistral. ലാറ്റിനമേരിക്കയിൽനിന്ന് നൊബേൽ നേടിയ ആദ്യത്തെ സാഹിത്യപ്രതിഭയാണവർ.

514. അന്റാർട്ടിക്കയോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന രാജ്യമാണ് ചിലി.

515. അന്റാർട്ടിക്കയിൽനിന്ന് ചിലിയെ വേർതിരിക്കുന്നത് ഡ്രേക് പാസേജ് ആണ്.

516. പ്രശസ്ത കവി പാബ്ലോ നെരുദ ചിലിക്കാരനാണ്, അദ്ദേഹത്തിന്റെ യഥാർഥപേര് Ricardo Neftali Reyes.

517. 1971ലെ സാഹിത്യ നൊബേലിന് അർഹനായ അദ്ദേഹത്തെ "The greatest poet of the 20th century – in any language" എന്നാണ് മറ്റൊരു ലാറ്റിനമേരിക്കൻ സാഹിത്യ നൊബേൽ ജേതാവായ (1982) ഗബ്രിയേൽ ഗാർഷ്യാ മാർക്കോസ് വിശേഷിപ്പിച്ചത്.

518. പ്രത്യാശയുടെ നിറമായ പച്ച ഉപയോഗി



ച്ചാണ് നെരുദ രചന നടത്തിയിരുന്നത്.

519. കാൻസർ ബാധിതനായ നെരുദ 1973–ൽ അന്തരിച്ചു.

520. ചിലിയിലെ ആദ്യത്തെ വനിതാ പ്രസിഡന്റാണ് Michelle Bachelet.

521. ലോകത്ത് ഏറ്റവും തെക്കായി സ്ഥിതി ചെയ്യുന്ന നഗരമാണ് (Southern most city) പ്യൂർട്ടോ വില്യംസ് ചിലിയിലെ സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ നിലപാട് പ്രകാരം 5000–ൽ കൂടുതൽ സ്ഥിരതാമസക്കാരുള്ള ജനവാസ കേന്ദ്രങ്ങളെ സിറ്റിയായിട്ടാണ് പരിഗണിക്കുന്നത്.

522. അർജന്റീനിയൻ പ്രദേശമായ Ushuaia ആണ് ബ്രിട്ടാണിയ എൻസൈക്ലോപീഡിയ പ്രകാരം ഏറ്റവും തെക്കേയറ്റത്തെ സിറ്റി. ഇവിടത്തെ ജനസംഖ്യ 64000 ആണ്. സി.എൻ.എൻ, ബി.ബി.സി. എന്നിവ ഏറ്റവും തെക്കേയറ്റത്തെ സിറ്റിയായി പരിഗണിക്കുന്നത് ചിലിയിലെ Punta Arenasനെയാണ്. ഇവിടെ 120, 000 സ്ഥിരതാമസക്കാരുണ്ട്.

523. അന്റാർട്ടിക്കയിലെ ഗവേഷണ കേന്ദ്രങ്ങൾ ഒഴിവാക്കിയാൽ, ലോകത്തിലെ southernmost permanently inhabited community എന്നറിയപ്പെടുന്നത് ചിലിയിലെ Puerto Toro ആണ്,

524. മഗല്ലൻ കടലിടുക്ക് ചിലിയുടെ തെക്കേയറ്റത്തെ രണ്ടായി വിഭജിക്കുന്നു.

525. ഈ കടലിടുക്ക് പസഫിക് സമുദ്രത്തെയും അത്‌ലാന്റിക് സമുദ്രത്തെയും ബന്ധിപ്പിക്കുന്നു.

526. ലോകത്തിൽ ചെമ്പ് ഉൽപാദനത്തിൽ ഒന്നാം സ്ഥാനമുള്ള രാജ്യമാണ് ചിലി.

527. 2010–ൽ ഇവിടെയുള്ള സാൻ ജോസ് ചെമ്പുഖനിയിൽ 700 മീറ്റർ ആഴത്തിൽ കുടുങ്ങിപ്പോയ 33 ഖനനത്തൊഴിലാളികളെ രക്ഷപ്പെടുത്തിയ വാർത്ത ലോകശ്രദ്ധ നേടിയിരുന്നു.

528. ചെമ്പുൽപാദനത്തിൽ മുന്നിട്ടുനിൽക്കുന്ന മറ്റൊരു തെക്കേ അമേരിക്കൻ രാജ്യമാണ് പെറു.

529. ശാന്തസമുദ്രത്തിലെ ഈസ്റ്റർ ദ്വീപ് ചിലിയുടെ നിയന്ത്രണത്തിലാണ്.

530. ശിലാശിൽപങ്ങൾക്ക് പ്രസിദ്ധമാണ് 1722–ലെ ഈസ്റ്റർ ദിനത്തിൽ കണ്ടെത്തിയ ഈ ദ്വീപ്.

531. ആസ്ഥാനം Hanga Roa.

532. ചിലിയിൽനിന്ന് 2300 മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഈസ്റ്റർ ദ്വീപുകൾ ഭൂമിശാസ്ത്രപരമായി തെക്കേ അമേരിക്കയുടെ ഭാഗമല്ല, ഓഷ്യാനിയയുടെ ഭാഗമാണ്.

533. തെക്കേ അമേരിക്കയിലെ ഏറ്റവും നീളം കൂടിയ അതിർത്തി ചിലി– അർജന്റീന അതിർത്തി (5150 കി.മീ.) ആണ്.

534. വെടിയുപ്പ് ധാരാളമായി ലഭിക്കുന്ന രാജ്യമാണ് ചിലി. സോഡിയം നൈട്രേറ്റ് എന്ന രാസനാമമുള്ള ഇത് ചിലി സാൽറ്റ് പീറ്റർ എന്നും അറിയപ്പെടുന്നു.

535. ധാരാളം ജനങ്ങൾക്ക് തൊഴിൽ നൽകുന്ന ഒരു സംരംഭമാണ് ഇതിന്റെ ഖനനം.

536. നാനൂറ് വർഷത്തിലേറെ മഴ ലഭിക്കാത്ത പ്രദേശമായ ചിലിയിലെ അറ്റക്കാമ മരുഭൂമി ലോകത്തിലെ ഏറ്റവും വരണ്ട പ്രദേശങ്ങളിലൊന്നാണിത്.

537. 105,000 ച.കി.മീ. വിസ്തീർണമുള്ള ഇത് ലോകത്തെ ഏറ്റവും വരണ്ട മരുഭൂമിയാണ്.

538. ആൻഡീസ് മലനിരകളുടെ മഴനിഴൽ പ്രദേശത്തായതിനാലാണ് ഇവിടെ മഴ തീരെ കുറവാകാൻ കാരണം.

539. തെക്കേ അമേരിക്കയുടെ ഏറ്റവും തെക്കേയറ്റമായ കേപ് ഹോൺ ചിലിയിലാണ് (ആഫ്രിക്കൻ വൻകരയുടെ തെക്കേയറ്റമാണ് Cape Agulhas. ആഫ്രിക്കയുടെ തെക്കുപടിഞ്ഞാറ് ഭാഗത്താണ് പ്രശസ്തമായ ശുഭപ്രതീക്ഷാ മുനമ്പ്)

540. തെക്കേ അമേരിക്കയുടെ തെക്കേയറ്റത്തുള്ള ദ്വീപസമൂഹമായ Tierra del Fuego യെ പങ്കിടുന്ന രാജ്യങ്ങളാണ് അർജന്റീനയും ചിലിയും.

## ഇക്വഡോർ

541. ഭൂമധ്യരേഖ (ഇക്വേറ്റർ) യിൽനിന്ന് പേരു ലഭിച്ച രാജ്യമാണ് ഇക്വഡോർ.

542. തലസ്ഥാനമായ ക്വിറ്റോ, യൂണിയൻ ഓഫ് സൗത്ത് അമേരിക്കൻ സ്റ്റേറ്റ്സ് എന്ന സംഘടനയുടെ ആസ്ഥാനമാണ് .

543. ഇക്വഡോർ 1822–ൽ സ്പെയിനിൽനിന്ന് സ്വാതന്ത്ര്യം നേടി.

544. രാജ്യത്തെ നാണയം യു.എസ്. ഡോളറാണ്. എ.ഡി. 2000 ൽ നടന്ന ഡോളറൈസേഷനു ശേഷമാണ് ഈ മാറ്റം. അതിനുമുമ്പ് രാജ്യത്തെ നാണയം സുക്രി (Sucre)ആയിരുന്നു.

545. ലോകത്തിലെ ഏറ്റവും ഉയരംകൂടിയ സജീവ അഗ്നിപർവതങ്ങളിലൊന്നാണ് ഇക്വഡോറിലെ കേറ്റോപാക്സി (5,897മീ).

546. ലോകത്തിലേറ്റവും കൂടുതൽ വാഴപ്പഴം കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിലൊന്നാണ് ഇക്വഡോർ.

547. ഡാർവിന്റെ നിരീക്ഷണങ്ങൾക്കുവേദിയായിരുന്ന ഗാലപ്പാഗോസ് ദ്വീപുകൾ ഇക്വഡോറിന്റെ നിയന്ത്രണത്തിലാണ്, ബീഗിൾ എന്ന കപ്പലിലാണ് ഡാർവിൻ ഇവിടെ എത്തിയത്. ഗാലപ്പാഗോസ് ദ്വീപുകളിലെ ഭാഷ സ്പാനിഷ് ആണ്. ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിയാത്ത ജൈവ വൈവിധ്യത്താൽ സമ്പന്നമാണ് ഈ ദ്വീപുകൾ.

548. പസഫിക്കിന്റെ മുത്ത് എന്നറിയപ്പെടുന്ന ഗുയയാക്വിൽ തുറമുഖം ഇക്വഡോറിലാണ്. ഇക്വഡോറിലെ ഏറ്റവും വലിയ നഗരമാണിത്.

549. ഇക്കോസിസ്റ്റം സംബന്ധിച്ച അവകാശങ്ങൾ ഉൾപ്പെടുത്തിയ ലോകത്തിലെ ആദ്യത്തെ ഭരണഘടന ഇക്വഡോറിന്റേതാണ് (2008).

